സത്യപ്രകാശമേ നയിച്ചാലും
ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജൂലൈ 4 | ദീപം 57 | നാളം 17 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# പരീക്ഷാക്രമക്കേടുകൾ തുടർക്കഥയാകുമ്പോൾ



അനിൽ ജെ. തയ്യിൽ




ഒട്ടും നീറ്റല്ലാത്തവിധം രാജ്യത്തിന്റെ ഉന്നതവിദ്യാഭ്യാസയോഗ്യതാനിർണയമേഖല ലോകത്തിനു മുമ്പിൽ അപഹാസ്യമാക്കപ്പെടുമ്പോൾ തലകുനിക്കുന്നത് രാഷ്ട്രംതന്നെയാണ്. വരും തലമുറയ്ക്കു ഭാവിയുടെ ഔന്നത്യങ്ങളിലേക്കുള്ള കോണിപ്പടിയാവേണ്ട സുപ്രധാന പരീക്ഷാസംവിധാനം അവരെ ഇരുളാണ്ട വാരിക്കുഴിയിലേക്കു തള്ളിയിടുന്ന അധഃപതനത്തിന്റെ ലജ്ജയില്ലാക്കാഴ്ചയ്ക്കാണ് രാജ്യം സാക്ഷ്യംവഹിക്കുന്നത്. പഠിച്ചില്ലെങ്കിലും പണം ഉണ്ടായാൽ മതി ആ കുറവ് നികത്താനെന്ന നെറികെട്ട കാലത്തേക്ക് യുവത്വത്തെ തള്ളിവിടുന്ന അവസ്ഥയിലേക്കു കാര്യങ്ങൾ മാറിമറിയുന്നു.

മേയ് 5 നു നടന്ന മെഡിക്കൽ ബിരുദപ്രവേശനത്തിനുള്ള നീറ്റ് - യു.ജി. പരീക്ഷയിൽ നടന്ന ക്രമക്കേടുകൾ വിദ്യാർഥികളടക്കം 24 പേരുടെ അറസ്റ്റിലേക്കും ദേശീയ പരീക്ഷാ ഏജൻസിയുടെ വിശ്വാസ്യതയും സുതാര്യതയും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലേക്കും എത്തിയിരിക്കുകയാണ്. ആദ്യഘട്ടത്തിൽ കുറ്റകരമാംവിധം നിശ്ശബ്ദത പുലർത്തിയ കേന്ദ്രസർക്കാർ പിന്നീട് എൻ.ടി.എയ്ക്കൊപ്പം ചേർന്ന് ക്രമക്കേട് നിഷേധിച്ചു. എന്നാൽ, ബീഹാർ ഇക്കണോമിക്സ് ഒഫൻസ് യൂണിറ്റ് (ഇ.ഒ.യു) നടത്തിയ അന്വേഷണത്തിലെ കണ്ടെത്തൽപ്രകാരം പിന്നീട് കേന്ദ്രസർക്കാരിനു ചോദ്യപ്പേപ്പർ ചോർന്നതായി സമ്മതിക്കേണ്ടിവന്നു. ഇതോടെ, കേന്ദ്രവും ദേശീയ പരീക്ഷാ ഏജൻസിയും കെട്ടിപ്പൊക്കിയ പ്രതിരോധമതിൽ തകർന്നുവീഴാനും ഏജൻസിയുടെ പരീക്ഷാനടത്തിപ്പുവീഴ്ചകൾ ഓരോന്നായി പുറത്തുവരാനും തുടങ്ങി.

## തട്ടിപ്പിന്റെ കുതന്ത്രവഴികൾ

നീറ്റ് - യു.ജിയിൽ ക്രമക്കേടു സംഭവിച്ചുവെന്ന് സംശയം ജനിപ്പിച്ചത് ചില അസാധാരണ കാര്യങ്ങളായിരുന്നു.

1. ഒന്നാംറാങ്കുകാരുടെ എണ്ണം അസാധാരണമാംവിധം വർധിച്ചു. 67 ഒന്നാം റാങ്കുകാർക്ക് മുഴുവൻ മാർക്കും (720) ലഭിച്ചു എന്നുമാത്രമല്ല, ഒരു കേന്ദ്രത്തിൽ പരീക്ഷയെഴുതിയ അനേകം പേർക്ക് ഒന്നാം റാങ്കു ലഭിക്കുകയുമുണ്ടായി. പലർക്കും 718, 719 മാർക്കുകൾ ലഭ്യമായത് നീറ്റ് മൂല്യനിർണയസംവിധാനരീതിയനുസരിച്ച് സംഭവ്യമായിരുന്നില്ല.

2. നിർദിഷ്ടസമയം ലഭ്യമായില്ല എന്ന പേരിൽ 1563 പേർക്ക് ഗ്രേസ്മാർക്കു നൽകിയത് അഴിമതിയാണെന്ന നിലയിൽ സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ ഇവരുടെ മുൻറാങ്ക് റദ്ദാക്കി പുനഃപരീക്ഷയ്ക്ക് അവസരം ഒരുക്കാമെന്ന് കേന്ദ്രസർക്കാർ കോടതിയിൽ സമ്മതിക്കുകയുണ്ടായി.

3. പ്രഖ്യാപിച്ചതിലും പത്തു ദിവസംമുമ്പേ ലോക്സഭാറിസൾട്ടിനൊപ്പം നീറ്റ് റിസൾട്ട് പ്രഖ്യാപിച്ചത് മാധ്യമശ്രദ്ധ തിരിക്കാനായിരുന്നുവെന്നു വ്യക്തമായി. ആരോപണങ്ങൾ സംബന്ധിച്ച് ഇക്കണോമിക്സ് ഒഫൻസ് യൂണിറ്റ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചതോടെ അറസ്റ്റുകളുടെ ഘോഷയാത്രയായി.

ഇ.ഒ.യു. ഒമ്പതു വിദ്യാർഥികളെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചതോടെ ഒരു ചോദ്യക്കടലാസിന് 30 മുതൽ 35 വരെ ലക്ഷം രൂപ നൽകിയതായി തെളിയുകയും ആറു ചെക്കുകൾ കണ്ടെടുക്കുകയും ചെയ്തു. ഇതോടെ, ഇ.ഡിയും അന്വേഷണവുമായി സഹകരിച്ചു രംഗത്തെത്താനുള്ള സാഹചര്യമൊരുങ്ങി. ബീഹാറിലെ സ്വകാര്യസ്കൂളിൽ വിദ്യാർഥികൾ കൂട്ടംചേർന്നു ചോർത്തിയ ചോദ്യപ്പേപ്പർ പഠിക്കുന്ന വീഡിയോദൃശ്യവും പോലീസിനു ലഭിച്ചു. ബീഹാറിലെ ധാനാപ്പൂർ നഗരസഭാ ജൂനിയർ എൻജിനീയറായ സിക്കന്ദർ യാദവേന്ദുവാണ് ക്രമക്കേടിന്റെ മുഖ്യസൂത്രധാരനെന്നും ഗോപാൽപുർ സ്വദേശി നിതീഷ് കുമാർ മുഖേനയാണ് ചോദ്യപ്പേപ്പർ ലഭ്യമാക്കിയതെന്നും അന്വേഷണസംഘം വെളിപ്പെടുത്തി. ബീഹാർ പബ്ലിക് സർവീസ് പരീക്ഷാ ചോദ്യപ്പേപ്പർ ചോർന്ന കേസിൽ ശിക്ഷയനുഭവിച്ച ആളാണ് നിതീഷ് കുമാർ. കുറ്റകൃത്യങ്ങൾ തടയാനുള്ള നമ്മുടെ രാജ്യത്തെ നിരീക്ഷണസംവിധാനം എത്ര ദുർബലമാണെന്ന് ഇതു തെളിയിക്കുന്നു.

പാറ്റ്നയിൽ നടന്ന പരിശോധനയിൽ ലഭിച്ച കത്തിച്ചനിലയിലുള്ള ചോദ്യക്കടലാസുകളും ഹസാരിബാഗ്പരീക്ഷാകേന്ദ്രത്തിനു കീഴിൽ വരുന്ന 636488 നമ്പറിലുള്ള ഉത്തരസൂചികയും ലഭിച്ചതോടെ ചോദ്യക്കടലാസ് ചോർന്നത് ജാർഖണ്ഡിലെ ഹസാരിബാഗ് പരീക്ഷാകേന്ദ്രത്തിൽനിന്നാണെന്നു വ്യക്തമായി.

ഹാജരില്ലാതെ ജൂൺ 23-ാം തീയതി നടന്ന നീറ്റ് - യു.ജി. പുനഃപരീക്ഷ, ക്രമക്കേടു സംബന്ധിച്ച സംശയങ്ങൾ അരക്കിട്ടുറപ്പിക്കുന്നതായി. ഗ്രേസ്മാർക്കുദാന വിവാദത്തെത്തുടർന്ന് 1563 വിദ്യാർഥികൾക്കായി നടന്ന പുനഃപരീക്ഷയിൽ ആകെ പങ്കെടുത്തത് 813 വിദ്യാർഥികൾമാത്രം. ബാക്കിയുള്ളവർ എഴുതാത്തതു ചോദ്യചിഹ്നമായി നിൽക്കേ, കഴിഞ്ഞദിവസങ്ങളിൽ കാരണമറിയിക്കാതെ എൻ.ടി.എ. 93 വിദ്യാർഥികളെ അയോഗ്യരാക്കുകയുണ്ടായി. അതേസമയം, ക്രമക്കേടു കാണിച്ച ബീഹാറിൽനിന്നുള്ള 17 വിദ്യാർഥികളെ പുറത്താക്കിയത് ജൂൺ 23-ാം തീയതിമാത്രം.

## വീണ്ടും ചോർച്ച

രാജ്യത്ത് 125 കേന്ദ്രങ്ങളിലായി 11.21 ലക്ഷം പേരെഴുതിയ കോളജ് അധ്യാപന യോഗ്യതാപരീക്ഷയായ യുജിസി - നെറ്റ് റദ്ദാക്കിക്കൊണ്ടുള്ള കേന്ദ്രസർക്കാർ ഉത്തരവ് ദേശീയ പരീക്ഷാ ഏജൻസിയുടെ പിടിപ്പുകേടിനാലുണ്ടായ അടുത്ത ആഘാതമായി.

ജൂൺ 18 ന് രാവിലെ നടന്ന പരീക്ഷ, ചോദ്യപ്പേപ്പർചോർച്ചയെത്തുടർന്ന് 19 ന് അർധരാത്രിയോടെ അപ്രതീക്ഷിതമായി റദ്ദാക്കുകയായിരുന്നു. നെറ്റ് പരീക്ഷയ്ക്ക് ആറു ദിവസംമുമ്പ് ടെലിഗ്രാം ചാനലിൽ ആയിരം മുതൽ മൂവായിരംവരെ രൂപ നിരക്കിൽ ചോദ്യപ്പേപ്പർ ലഭ്യമായിരുന്നു. നാഷണൽ സൈബർ ക്രൈം ത്രേട്ട് അനലിസ്റ്റിക് യൂണിറ്റ് പരീക്ഷയിലെ ക്രമക്കേടു സംബന്ധിച്ചു നൽകിയ സൂചനകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രം റദ്ദാക്കൽ നടപടിക്കുമുതിർന്നത്. നെറ്റ് യോഗ്യത ഇത്തവണ മുതൽ പിഎച്ച്.ഡി. പ്രവേശനത്തിനും പരിഗണിച്ചിരുന്നു.

▶13

# ക്രൈസ്തവന്റെ മാറ്റുരയ്ക്കുന്ന മാർത്തോമ്മാമാർഗം



ഫാ. ഡോ. സേവ്യർ കൂടപ്പുഴ

**ജൂലൈ 3**
**മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**

മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവരുടെ ഏറ്റവും വലിയ ഓർമദിനമാണ് ദുക്റാന. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ റോമാസാമ്രാജ്യത്തിന്റെ അതിർത്തിയും പേർഷ്യൻസാമ്രാജ്യവും കടന്ന് ഏഷ്യയുടെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന നമ്മുടെ ഭാരതത്തിലും വന്ന് വിശ്വാസം പകർന്നുതന്ന് രക്തം ചിന്തി മരിച്ചു. ദൈവരാജ്യത്തിന്റെ സന്ദേശം നമ്മെ അറിയിക്കാനായി ഏറ്റവും കൂടുതൽ യാത്ര ചെയ്തത് മാർത്തോമ്മാശ്ലീഹായാണെന്നാണു പറയപ്പെടുന്നത്. തോമാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനായിട്ടാണല്ലോ നാം കരുതുന്നത്. എന്നാൽ, നമ്മൾ ചൈനയിൽ ചെല്ലുമ്പോൾ അവിടെയുമുണ്ട് തോമാശ്ലീഹായുടെ പാരമ്പര്യം. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽപിതാവ് ഇന്തോനേഷ്യയിൽ ചെന്നപ്പോൾ മനസ്സിലാക്കി, അവരും വിചാരിക്കുന്നത് തോമാശ്ലീഹാ അവിടെയും എത്തിയെന്നാണ്. അവരുടെ സഭാസമൂഹത്തിന് ആരംഭം കുറിച്ചത് തോമാശ്ലീഹായാണെന്ന് അവർ വിശ്വസിക്കുന്നു.

നമ്മൾ മാർത്തോമ്മാക്രിസ്ത്യാനികൾ എന്ന പേരിലാണല്ലോ അറിയപ്പെടുന്നത്. തോമാശ്ലീഹായുമായി ബന്ധപ്പെടുത്തിയാണ് നമ്മൾ അറിയപ്പെടുന്നത്. നമ്മൾ ഒരു കുടുംബത്തിലെ അംഗങ്ങളാണ്. നമുക്കു തനതായ ആചാരങ്ങൾ ഉണ്ടായിരുന്നു. വളരെ ആഴമായ വിശ്വാസമുള്ള ഒരു സമൂഹമായിട്ടാണ് നാം അറിയപ്പെടുന്നത്. മാർപാപ്പാമാർ അവരുടെ സന്ദേശങ്ങളിൽ അത് ആവർത്തിച്ചുപറയുന്നുണ്ട്. പന്ത്രണ്ടാം പീയൂസ് മാർപാപ്പാ 1952 ലെ റേഡിയോസന്ദേശത്തിൽ ഇതു പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഇത്ര വിശ്വസ്തതയോടെ 19 നൂറ്റാണ്ടുകൾ വിശ്വാസപാരമ്പര്യം മുറുകെപ്പിടിച്ചു ജീവിച്ച ഒരു ജനസമൂഹമാണ് നമ്മൾ മാർത്തോമ്മാക്രിസ്ത്യാനികൾ എന്ന കാര്യത്തിൽ നമുക്കഭിമാനിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷത്തിനുവേണ്ടി ജീവിതം അർപ്പിക്കുക എന്നതാണ് ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്നത്. നമ്മുടെ പ്രാർഥനകളിലും അയൽബന്ധങ്ങളിലുമൊക്കെ ഈ വിശ്വാസത്തിന്റെ ആഴവും പരപ്പും അനുഭവവേദ്യമാകുന്നുണ്ട്. അതിന്റെ ഫലമായാണ് ഇത്രമാത്രം ദൈവവിളികൾ നമുക്കുണ്ടാവുന്നതും സഭയ്ക്കും സമുദായത്തിനും വേണ്ടി സേവനം ചെയ്യാനുള്ള പ്രചോദനം ലഭിക്കുന്നതും.

നമ്മുടെ സമൂഹം സുറിയാനിക്കാരെന്നാണ് അറിയപ്പെടുന്നത്. 1578 ൽ അങ്കമാലിയിൽനിന്ന് അല്മായർ 13-ാം ഗ്രിഗോറിയോസ് മാർപാപ്പായ്ക്ക് ഒരു കത്തെഴുതി: "ഞങ്ങൾ മാർത്തോമ്മാക്രിസ്ത്യാനികളാണ്. ഞങ്ങളുടെ ആരാധനക്രമം സുറിയാനിയിലാണ്. ആ സുറിയാനി ഞങ്ങളുടെ പിതാവായ മാർത്തോമാശ്ലീഹായിൽനിന്നു ഞങ്ങൾക്കു ലഭിച്ചതാണ്. ഞങ്ങളുടെ പൂർവികരും ഞങ്ങളും തന്മൂലം സുറിയാനി പഠിച്ചുകൊണ്ടിരിക്കുന്നു." നമ്മുടെ ആരാധനക്രമം തോമാശ്ലീഹായിലൂടെ ലഭിച്ച ഏറ്റവും വലിയ സമ്പത്താണ്.

അടുത്തകാലത്തായി പൈതൃകവും പാരമ്പര്യവും നിശ്ചയമില്ലാത്തവർ പല തലങ്ങളിലും പല തരത്തിലും അബദ്ധങ്ങൾ പറയുന്നുണ്ട്. ആഴമുള്ള വിശ്വാസപാരമ്പര്യം നമ്മുടെ പൂർവികർക്കു ബോധ്യങ്ങൾ നൽകിയിരുന്നു. അത് അവരുടെ വിശ്വാസത്തിന് ആഴം കൂട്ടിയിരുന്നു. ഇക്കാലത്ത് ആളുകൾക്ക്, പ്രത്യേകിച്ചു യുവജനങ്ങൾക്ക് സുറിയാനി പഠിക്കാനുള്ള ഉത്സാഹം കണ്ടുവരുന്നുണ്ട്. ആ വെളിപാടിന്റെ ഭാഷ മാർത്തോമ്മാശ്ലീഹായിലൂടെ ലഭിച്ചതാണെന്ന് നമ്മുടെ പൂർവികർക്കറിയാമായിരുന്നു. തോമാശ്ലീഹാ നൽകിയ വിശ്വാസത്തിന്റെ ദീപം പാരമ്പര്യത്തോടെയും പ്രതിബദ്ധതയോടെയും ജീവിതശൈലിയാക്കേണ്ടതു കാലത്തിന്റെ വെല്ലുവിളിയാണ്.

ലോകത്തിൽ എവിടെപ്പോയാലും മാർത്തോമ്മാക്രിസ്ത്യാനികളെ കാണാമെന്നുള്ളത് അദ്ഭുതമാണ്. വിദേശരാജ്യങ്ങളിൽ നമ്മുടെ ആളുകൾക്കുള്ള വിശ്വാസത്തനിമ എടുത്തുപറയേണ്ടതാണ്. തോമാശ്ലീഹാ നല്കിയ വിശ്വാസത്തിന്റെ തുടർച്ചയാണ് ആഴമുള്ള ഈ വിശ്വാസം. നമ്മെപ്പോലെയുള്ള പല സമൂഹങ്ങളും അവരുടെ വിശ്വാസത്തനിമയിൽ വളരാൻ ആഗ്രഹിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ നമ്മൾ മാർത്തോമ്മാക്രിസ്ത്യാനികൾ, നമ്മുടെ തനിമയിൽ നിലനില്ക്കുകയും അതു പഠിക്കാനും അതിനു സാക്ഷ്യം നല്കാനും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

മാർത്തോമ്മാനസ്രാണികളുടെ സഭാഭരണക്രമത്തിലെ ഒരു സവിശേഷതയായിരുന്നു പള്ളിയോഗങ്ങൾ. കുടുംബത്തലവന്മാരും ദേശത്തുപട്ടക്കാരും ഉൾപ്പെട്ട ഒരു സമിതിയാണ് ഇടവകയുടെ ഭരണം നടത്തിയിരുന്നത്. അർക്കദിയാക്കോന്റെയും പള്ളിയോഗങ്ങളുടെയും നേതൃത്വത്തിലായിരുന്നു സഭാഭരണം നിർവഹിക്കപ്പെട്ടിരുന്നത്. കേരളസഭയിൽ അതിപ്രാചീനകാലംമുതൽ 'ജാതിക്കു കർത്തവ്യനും' ഭരണകർത്താവുമായി ആർച്ചുഡീക്കന്മാർ ഉണ്ടായിരുന്നു. സഭയിൽ മെത്രാൻ കഴിഞ്ഞാൽ ആർച്ചുഡീക്കനായിരുന്നു സ്ഥാനം. നമ്മുടെ കുറവിലങ്ങാട്ട് ആർച്ചുഡീക്കന്മാർ ഉണ്ടായിരുന്നുവെന്നു പറയുന്നത് വെറും കഥയല്ലെന്നുകൂടി ഇവിടെ ഓർക്കേണ്ടതുണ്ട്.

കൂടാതെ, എല്ലാറ്റിന്റെയും അടിത്തറയായി ശ്ലൈഹികപിന്തുടർച്ചയുടെ കാവൽക്കാരായിട്ടുള്ള മെത്രാന്മാർ ഉണ്ടായിരുന്നു. മെത്രാന്മാർ ദൈവജനത്തിന്റെ ആധ്യാത്മികകാര്യങ്ങളിലാണ് ശ്രദ്ധിച്ചിരുന്നത്. പട്ടംകൊടുക്കൽ, കൂദാശാപരികർമങ്ങൾ, ആരാധനക്രമാനുഷ്ഠാനങ്ങൾ എന്നിവയൊക്കെയായിരുന്നു മെത്രാന്റെ പ്രധാന കടമകൾ.



വിശുദ്ധഗ്രന്ഥം വ്യാഖ്യാനിച്ചുകൊടുക്കുക, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ പഠിപ്പിക്കുക, സഭയുടെ ശ്ലൈഹികപൈതൃകവും പാരമ്പര്യങ്ങളും കാത്തുപാലിക്കുക എന്നിവയിൽ അവർ ശ്രദ്ധ പതിപ്പിച്ചു. ഉപവാസവും ജാഗരണവും അനുഷ്ഠിച്ചിരുന്ന അവർ തികഞ്ഞ താപസജീവിതമാണ് നയിച്ചിരുന്നത്.

16-ാം നൂറ്റാണ്ടുവരെ, അതായത്, വിദേശികളുടെ ആഗമനംവരെ നമുക്കു വിശ്വാസത്തിന്റെ ശക്തമായ ആ പാരമ്പര്യമുണ്ടായിരുന്നു. രൂപത എന്നു പറയുന്നത് പിന്നീടുണ്ടായതാണ്. ഡയോസിസ് എന്ന പദം 'ഡിയോയികെയിൻ' (dioikein) എന്ന ഗ്രീക്കുപദത്തിൽനിന്നു വന്നതാണ്. അതിന്റെ മൂലാർഥം 'ഭരണം നടത്തുക' എന്നത്രേ. റോമാസാമ്രാജ്യത്തിലെ ഡയോക്ലീഷൻ ചക്രവർത്തിയിൽനിന്നാണ് ആ പദത്തിന്റെ ഉദ്ഭവം. അദ്ദേഹം ഒരു മതപീഡകനായിരുന്നു. പ്രജകളിൽ തന്റെ സർവാധിപത്യം സ്ഥാപിക്കാനുണ്ടാക്കിയ ഒരു ഭരണക്രമമാണ് ഡയോസിസ്. മാർത്തോമ്മാക്രിസ്ത്യാനികൾക്ക് അതില്ലായിരുന്നു.

ഭാരതീയസംസ്കാരവുമായി പൊരുത്തപ്പെടുത്തിയ ഒരു സുവിശേഷസാക്ഷ്യമാണ് തോമാശ്ലീഹാ നമുക്കു നൽകിയത്. യഹൂദപാരമ്പര്യവും ഭാരതീയസാംസ്കാരികപൈതൃകവും സമഞ്ജസമായി സമ്മേളിപ്പിച്ച ജീവിതശൈലിയാണത്. യഹൂദരുടെ പാരമ്പര്യമാണ് സിനഗോഗ്. നമ്മുടെ പാരമ്പര്യമാണ് മൺറം. കുടുംബത്തലവന്മാർ ഒരുമിച്ചുകൂടിയിരുന്ന് ആ പ്രദേശത്തെ അവരുടെ കുടുംബങ്ങളെ ഒരു സമുദായമാണെന്നുള്ള ചിന്തയിൽ ചർച്ച ചെയ്തു തീരുമാനിച്ചു നടപ്പാക്കിയ ഒരു ഭരണസംവിധാനമാണ് മൺറം. അങ്ങനെ, ദ്രാവിഡസംസ്കാരത്തിലെ മൺറത്തിന്റെയും യഹൂദപാരമ്പര്യത്തിലെ സിനഗോഗിന്റെയും ഘടന സംയോജിപ്പിച്ചാണു നമ്മുടെ ഭരണക്രമത്തിനു തോമാശ്ലീഹാ രൂപംകൊടുത്തത്. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭ ദൈവജനമാണെന്നു പഠിപ്പിക്കുമ്പോൾ അത് ആദ്യനൂറ്റാണ്ടുമുതലുള്ള സഭാപാരമ്പര്യത്തിന്റെ ഭാഗമാണെന്ന് മാർത്തോമ്മാക്രിസ്ത്യാനികൾക്ക് അഭിമാനിക്കാവുന്നതാണ്.

നോമ്പ്, ഉപവാസം, പ്രാർഥന ഇവ സമഞ്ജസമായി സമ്മേളിച്ചാണ് നമ്മുടെ ജീവിതശൈലിക്കു രൂപഭാവങ്ങൾ നൽകിയത്. അനേകദിനങ്ങൾ നോമ്പിനും ഉപവാസത്തിനുമായി നമ്മുടെ പൂർവികർ ചെലവഴിച്ചിരുന്നു. ഭാരതസംസ്കാരവുമായി വളരെ ബന്ധപ്പെട്ടതാണ് നോമ്പും ഉപവാസവും. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഉപവാസം ആരംഭിച്ചത് ഈ പ്രാർഥനാചൈതന്യത്തിലായിരുന്നു. യേശുക്രിസ്തുവിന്റെ മലയിലെ പ്രസംഗമാണ് തന്റെ ജീവിതത്തിന് ഏറ്റവും കൂടുതൽ പ്രചോദനം നൽകിയിട്ടുള്ളതെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. കർത്താവിന്റെ മലയിലെ പ്രസംഗങ്ങൾ ഗാന്ധിജിക്കു മനപ്പാഠമായിരുന്നു. ഇങ്ങനെ മറ്റു മതസ്ഥർക്കും പ്രചോദനം ലഭിക്കത്തക്കവിധത്തിലുള്ള ഒരു ജീവിതശൈലിയാണ് നമ്മുടെ പൂർവികർ മാർത്തോമ്മാമാർഗം എന്ന പേരിൽ പുലർത്തിപ്പോന്നത്. അതിൽ പ്രാർഥനയുണ്ട്, ഉപവാസമുണ്ട്, നോമ്പുണ്ട്, പരിത്യാഗമുണ്ട്. അങ്ങനെയുള്ള ഒരു വലിയ ഓർമയുടെ തിരുനാളിനാണ് തോമാശ്ലീഹായിലൂടെ ആരംഭം കുറിച്ചത്. തോമാ ചോദിച്ച ഒരു ചോദ്യത്തിന് കർത്താവു നല്കിയ ഉത്തരമാണ് 'ഞാനാണു വഴി, ഞാനാണു ജീവൻ, ഞാനാണു സത്യം' എന്നത്. ഇതാണ് മാർത്തോമ്മാമാർഗം എന്നുപറയുന്നത്.

'അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും, അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും...' എന്ന് ഈശോമിശിഹാ പറഞ്ഞപ്പോൾ ശ്ലീഹന്മാർ ദുഃഖിച്ചു. 'ഞാൻ പോകും, എന്നിട്ട് നിങ്ങൾക്കു സഹായകനായി എന്റെ അരൂപിയെ അയയ്ക്കു'മെന്ന് അവിടുന്നു പറഞ്ഞപ്പോഴാണ് 'അങ്ങ് എങ്ങോട്ടു പോകുന്നു'വെന്നു ശിഷ്യന്മാർ ചോദിച്ചത്. വെറും ഉപരിതലവിശ്വാസമല്ലായിരുന്നു അവർക്കുണ്ടായിരുന്നത്. ചോദിച്ചുചോദിച്ച് അതിന്റെ ആഴം മനസ്സിലാക്കിക്കൊണ്ടുള്ള ജീവിതശൈലിയായിരുന്നു മാർത്തോമ്മാശ്ലീഹായുടേത്. അതിനാലാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ അനുസ്മരണം 'ദുക്റാന' എന്ന പേരിൽത്തന്നെ അറിയപ്പെട്ടത്. മാർഗം എന്ന വാക്കിനർഥം വഴി എന്നാണല്ലോ. മാർഗത്തിൽ വസിക്കുന്നവൻ മാർഗവാസി. ക്രിസ്തുമാർഗത്തിൽ വസിക്കുന്നവനെന്നാണ് ഈ വാക്കിനർഥം.

ഈ അവസരത്തിൽ വലിയൊരു ദൗത്യം നമ്മുടെ സഭയ്ക്ക് ഏറ്റെടുക്കാനുണ്ടെന്ന സത്യം ഓർത്തിരിക്കുന്നതു നല്ലതാണ്. ഭാരതജനത ആധ്യാത്മികദർശനമുള്ള ഒരു സമൂഹമാണ്. താരതമ്യേന മറ്റു സമുദായങ്ങളെക്കാൾ നമുക്ക് ആ ദർശനം ലഭിച്ചിട്ടുമുണ്ട്. ഈശോമിശിഹായാണ് യഥാർഥ വഴിയും സത്യവും ജീവനുമെന്ന് ആഴത്തിൽ മനസ്സിലാക്കി, നമ്മുടെ സംസാരത്തിലും പ്രവർത്തനങ്ങളിലുമെല്ലാം നാം യഥാർഥത്തിൽ മാർഗവാസികളാണോ എന്നു വിലയിരുത്തുന്നതിനുള്ള സമയമാണിത്.

'നമുക്കും അവനോടുകൂടെ പോയി മരിക്കാം' എന്നു പറഞ്ഞ് കർത്താവിനൊപ്പം പോകാൻ തയ്യാറായ മാർത്തോമ്മാശ്ലീഹായാണ് നമ്മുടെ പിതാവ്. അതുകൊണ്ട്, പ്രശ്നങ്ങളും പ്രതിസന്ധികളും സഭയ്ക്കു മുമ്പിൽ വിലങ്ങുതടിയായി വരുമ്പോഴും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ നിശ്ചയദാർഢ്യവും അചഞ്ചലമായ വിശ്വാസവും ധീരനേതൃത്വവും നമ്മുടെ ചിന്തകളിലും വഴികളിലും പ്രചോദനവും മാതൃകയുമാകട്ടെ. ■

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




കർത്താവിനെ ഭയപ്പെടുന്നവന് അനർഥം സംഭവിക്കുകയില്ല. ആപത്തിൽനിന്ന് അവിടുന്ന് അവനെ രക്ഷിക്കും. പ്രഭാഷകൻ 33: 1

**എഡിറ്റോറിയൽ**

# സാഹിത്യനഗരത്തിന് നമോവാകം!

**ഇ**ന്ത്യയിലെ ആദ്യസാഹിത്യനഗരമായി കോഴിക്കോട് അന്താരാഷ്ട്രസാഹിത്യഭൂപടത്തിൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞ വർഷത്തെ കേരളപ്പിറവിദിനത്തലേന്ന് അപ്രതീക്ഷിതമായെത്തിയ യുനെസ്കോ(യുണൈറ്റഡ് നേഷൻസ് എജ്യുക്കേഷണൽ, സയന്റിഫിക് ആൻഡ് കൾച്ചറൽ ഓർഗനൈസേഷൻ)യുടെ അംഗീകാരമുദ്രയ്ക്കു കിരീടം ചാർത്തപ്പെട്ടിരിക്കുന്നു. കോഴിക്കോടിനെ സാഹിത്യനഗരമെന്നു പേരുചൊല്ലി വിളിക്കുന്ന ഔപചാരികപ്രഖ്യാപനം ജൂൺ 23 ന് തളി കണ്ടംകുളം മുഹമ്മദ് അബ്ദുറഹിമാൻ സ്മാരകജൂബിലിഹാളിൽ മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചപ്പോൾ അഭിമാനപുളകിതമായത് കോഴിക്കോടു മാത്രമല്ല, മലയാളിമക്കൾ മുഴുവനുമാണ്. സാംസ്കാരികവൈവിധ്യത്തിലും മതസൗഹാർദത്തിലും പുകൾപെറ്റ കോഴിക്കോട് സാഹിത്യത്തറവാട്ടുസ്വത്തിന്റെയും സ്വത്വബോധത്തിന്റെയും അക്ഷയഖനിയായും ചരിത്രത്തിലിടം നേടുകയാണ്.

യുനെസ്കോയുടെ സാഹിത്യനഗരമെന്ന അംഗീകാരത്തിന് കോഴിക്കോട് തിരഞ്ഞെടുക്കപ്പെട്ടത് 2023 ഒക്ടോബർ 31 നാണ്. ലോകത്തെ സർഗാത്മക നഗരങ്ങളുടെ പട്ടികയിൽ യുനെസ്കോ പുതുതായി ചേർത്ത 55 സ്ഥലങ്ങളിലാണ് കോഴിക്കോടിനെയും ഉൾപ്പെടുത്തിയത്. നൂറിലേറെ രാജ്യങ്ങളിൽനിന്നായി 350 നഗരങ്ങളാണ് ഇപ്പോൾ യുനെസ്കോയുടെ സർഗാത്മകനഗരങ്ങളുടെ പട്ടികയിലുള്ളത്. 2004 ൽ സ്കോട്ട്ലൻഡിലെ എഡിൻബറോയാണ് യുനെസ്കോയുടെ സാഹിത്യനഗരപദവി ലോകത്ത് ആദ്യം നേടുന്നത്.

2014 ൽ യുനെസ്കോയുടെ സാഹിത്യനഗരമെന്ന അംഗീകാരം ചെക്ക് റിപ്പബ്ലിക്കിന്റെ തലസ്ഥാനനഗരമായ പ്രാഗ് (Prague) നേടിയിരുന്നു. പ്രാഗ് സർവകലാശാലയിലെ ഗവേഷണവിദ്യാർഥി ലുഡ്മില കോഴിക്കോട് നഗരത്തിലെത്തി നടത്തിയ ഗവേഷണപഠനം കോഴിക്കോടിന്റെ അക്ഷരപ്രൗഢി വെളിപ്പെടുത്തുന്നതായിരുന്നു. അഞ്ഞൂറിലേറെ ഗ്രന്ഥശാലകളും എഴുപതിലേറെ പുസ്തകപ്രസാധകരുമുള്ള കോഴിക്കോടിനെ ലോകത്തിനുമുമ്പിൽ വിളിച്ചറിയിച്ചതിൽ ലുഡ്മിലയുടെ പങ്കു ചെറുതല്ല.

ഭാഷയെയും സാഹിത്യത്തെയും നെഞ്ചോടു ചേർത്തുപിടിച്ച നഗരമാണ് എക്കാലവും കോഴിക്കോട്. പുസ്തകച്ചന്തകൾ, സാഹിത്യസാംസ്കാരിക കൂട്ടായ്മകൾ, ഭാഷാപഠനക്ലബുകൾ തുടങ്ങിയവ വർഷത്തിൽ ഒട്ടേറെത്തവണ സംഘടിപ്പിക്കുന്ന ഒരു പാരമ്പര്യം കോഴിക്കോടിന് അവകാശപ്പെടാനുണ്ട്. കൊളംബിയൻ എഴുത്തുകാരൻ ഗബ്രിയേൽ ഗാർസിയ മാർക്കേസ് (1927–2014) കാൻസർരോഗബാധിതനാണെന്ന് അറിഞ്ഞ കോഴിക്കോട്ടെ സാഹിത്യലോകം ഒരു പരിപാടി സംഘടിപ്പിച്ചു. മാർക്കേസിന് ആയുരാരോഗ്യം ആശംസിക്കാനും ആദരം അർപ്പിക്കാനുമാണ് 2000 സെപ്റ്റംബറിൽ കോഴിക്കോട്ടെ അളകാപുരിയിൽ അവർ ഒത്തുചേർന്നത്. വിശ്വം മുഴുവൻ ആരാധകരുള്ള മാർക്കേസിനെ ആദരിക്കാനും അദ്ദേഹത്തിന് രോഗശാന്തിനേരാനും കോഴിക്കോട്ടുകാർ മറന്നില്ല എന്നത് അവരുടെ സാഹിത്യബോധത്തിന്റെയും ഹൃദയനന്മയുടെയും തെളിവായി കാണേണ്ടതാണ്. കോഴിക്കോടുനഗരത്തിലെ പൊതുപരിപാടികളിൽ സാഹിത്യനായകരുടെയും സാഹിത്യപ്രതിഭകളുടെയും സാന്നിധ്യം നിർണായക ഘടകമാണ്. സിനിമാരംഗത്തുള്ളവർക്കു കല്പിച്ചുനല്കിയ താരമൂല്യം സാഹിത്യപ്രതിഭകൾക്കും എഴുത്തുകാർക്കും നല്കിയ ചരിത്രമുള്ള മണ്ണാണ് കോഴിക്കോടിന്റേത്.

എസ്.കെ. പൊറ്റെക്കാട്ട്, വൈക്കം മുഹമ്മദ് ബഷീർ, എം.ടി. വാസുദേവൻനായർ, തിക്കൊടിയൻ, എൻ.എൻ. കക്കാട്, വത്സല, യു.എ. ഖാദർ തുടങ്ങിയ അനേകമനേകം എഴുത്തുകാർ കോഴിക്കോടിനെ കോൾമയിർ കൊള്ളിച്ചിട്ടുണ്ട്. മൺമറഞ്ഞ എഴുത്തുകാരുടെ സ്മാരകങ്ങൾ, സാഹിത്യപൈതൃകമ്യൂസിയം, അവരുടെ എഴുത്തുകളുടെ പുതുവായനകൾ തുടങ്ങിയുള്ള ഒട്ടേറെ ഉത്തരവാദിത്വങ്ങൾ കോഴിക്കോടിനെ കാത്തിരിക്കുന്നുണ്ട്. പുസ്തകപ്രസാധകരെയും വായനക്കാരെയും ആകർഷിക്കാനുതകുന്ന നൂതനസംരംഭങ്ങൾക്ക് സർക്കാരും മുനിസിപ്പൽ കോർപ്പറേഷനും തുടക്കം കുറിക്കണം. പൈതൃകനഗരമാകുന്നതിന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾ എന്ന നിലയിൽ ലിറ്ററേച്ചർ മ്യൂസിയം, വായനത്തെരുവ്, മലബാർ ലിറ്ററി സർക്യൂട്ട്, പുസ്തകമൂലകൾ, സാഹിത്യമത്സരങ്ങൾ, പുസ്തകമേളകൾ എന്നിവ ഉടൻ ആരംഭിക്കുമെന്ന് കോർപ്പറേഷൻ മേയർ ഡോ. എം. ബീനാ ഫിലിപ്പ് പറഞ്ഞിരിക്കുന്നു. ആനക്കുളം സാംസ്കാരിനിലയം സാഹിത്യനഗരകേന്ദ്രമായി കൈതപ്രം ദാമോദരൻ നമ്പൂതിരി പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു.

അക്ഷരകലയ്ക്കു കിട്ടിയ ഈ സ്ഥാനലബ്ധി എഴുത്തിനെ സ്നേഹിക്കുന്ന എല്ലാ മലയാളികളുടെയും അഭിമാനവും ആഹ്ലാദവുമാണ്. വരുംനാളുകളിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള എഴുത്തുകാർ കോഴിക്കോട്ടെ സാഹിത്യഹൃദയഭൂമിയിലേക്ക് സംവദിക്കാനെത്തും. ആ അർഥത്തിൽ സാഹിത്യനഗരംമാത്രമല്ല, സഹൃദയനഗരംകൂടിയായി കോഴിക്കോട് വായിക്കപ്പെടാൻ പോവുകയാണ്.

ഇതൊക്കെയാണെങ്കിലും, സാഹിത്യനഗരമെന്ന അംഗീകാരമികവിനെ മലയാളികൾ വാനോളം വാഴ്ത്തിപ്പുകഴ്ത്തുമ്പോഴും, ആ ആഘോഷച്ചടങ്ങിൽ പങ്കെടുക്കാനും പ്രഖ്യാപനം നടത്താനും ഏറ്റവും അർഹതയും യോഗ്യതയും ഉത്തരവാദിത്വവും ഉണ്ടായിരുന്ന മുഖ്യമന്ത്രി ചടങ്ങിൽനിന്നു വിട്ടുനിന്നത്, ന്യായീകരണങ്ങൾ എന്തൊക്കെ നിരത്തിയാലും, മലയാളത്തിളക്കത്തിനും മലയാളികളുടെ ആഹ്ലാദാരവങ്ങൾക്കും ചെറുതല്ലാത്ത മങ്ങലേല്പിച്ചുവെന്ന് വിമർശനമബുദ്ധ്യാ പറയേണ്ടിയിരിക്കുന്നു.



**പ്രതികരണം**

# വായന വെളിച്ചത്തിന്റെ വാതിൽ

ഞാൻ ദീപനാളം മുടങ്ങാതെ വായിക്കുന്നു. വായന എന്റെ ജീവനാണ്. രാവിലെ പേപ്പർവായനയിൽ തുടങ്ങി, പിന്നീട് കിട്ടുന്ന നല്ല പുസ്തകങ്ങളൊക്കെ വായിക്കും. അതുകൊണ്ടായിരിക്കാം കഴിഞ്ഞ ലക്കം ദീപനാളത്തിൽ ശ്രീ സോമൻ കടലൂർ എഴുതിയ 'വായന വെളിച്ചത്തിന്റെ വാതിൽ' എന്ന ലേഖനം എന്നെ വല്ലാതെ ആകർഷിച്ചത്. വായനയുടെയും പുസ്തകങ്ങളുടെയും പ്രാധാന്യത്തെപ്പറ്റി അദ്ദേഹം വളരെ ഭംഗിയായി എഴുതിയിരിക്കുന്നു. ഇതിൽക്കൂടുതൽ ഒന്നും എഴുതാനില്ല. അത്രയ്ക്കു മനോഹരം!

പുസ്തകങ്ങൾ ധാരാളമുള്ള വീട് പൂക്കൾ നിറഞ്ഞുനിൽക്കുന്ന ആരാമംപോലെയും പുസ്തകമില്ലാത്ത വീട് ആത്മാവില്ലാത്ത ശരീരംപോലെയും എന്നുള്ള ആ വാചകം എത്ര അർഥവത്താണ്! പുസ്തകം കണ്ണുപോലെയാണെന്നു കവി പറഞ്ഞതും എത്ര സത്യമാണ്. അടച്ചാൽ അന്ധകാരം! തുറന്നാൽ വെളിച്ചം! ശരിയല്ലേ? ഈ ലേഖനം ഞാൻ ലാമിനേറ്റ് ചെയ്ത് എന്റെ ഭവനത്തിൽ തൂക്കിയിട്ടുണ്ട്. അതുപോലെ, നമ്മുടെ വിദ്യാലയങ്ങളിലെല്ലാം ഈ ലേഖനം ഫ്രെയിം ചെയ്തു പ്രദർശിപ്പിച്ചാൽ ധാരാളം കുട്ടികൾക്ക് അതു പ്രയോജനപ്പെടും. ഈ തലമുറയും അടുത്ത തലമുറയും വരാനിരിക്കുന്ന എല്ലാ ജനറേഷനും വായിച്ചിരിക്കേണ്ട ഈ നല്ല ലേഖനം എഴുതിയ ശ്രീ സോമൻ കടലൂരിനും പ്രസിദ്ധീകരിച്ച ദീപനാളത്തിനും എന്റെ ആത്മാർഥമായ അഭിനന്ദനങ്ങൾ.

**കോട്ടയം ബാബു**
**നട്ടാശേരി**

# ചെറിയ പാറക്കുഴികൾ ഉത്തമം

കാലവർഷം തുടങ്ങുന്നതിനുമുമ്പേ, നമ്മുടെ പട്ടണങ്ങളും ഗ്രാമങ്ങളും ഒരുപോലെ വെള്ളക്കെട്ടായി മാറുന്നതിന്റെ യഥാർഥകാരണം അശാസ്ത്രീയമായ നിർമാണപ്രവർത്തനങ്ങളാണ്. മഴ പെയ്താൽ നല്ലൊരു ശതമാനം ജലം ഭൂഗർഭത്തിലും, ബാക്കിവരുന്നത് തോട്ടിലൂടെയും ആറ്റിലൂടെയുംകൂടി കടലിലും ചെല്ലേണ്ടതാണ്.

ഇന്നു ചെറുകിടപാറമടകൾ ആവശ്യത്തിനുണ്ടാകുന്നില്ല. വൻകിടപാറമടകളാകട്ടെ, ഒരു കുന്നു മുഴുവനോടെ മാറ്റുകയാണ്. അതേസമയം ഓരോ കുന്നിനും താഴെയുള്ള ചെറുപാറമടകൾ നല്ല കുളങ്ങളാണ്. അവ വളരെയധികം ജലം സംഭരിക്കുകയും ഭൂഗർഭത്തിലേക്കു താഴ്ത്തുകയും ചെയ്യുന്നു. ഭൂഗർഭജലം വലിയൊരു നിക്ഷേപമാണ്.

നാം കരിങ്കല്ലുകൊണ്ട് തോടും ആറും കായലും കെട്ടിയൊതുക്കി. എന്നാൽ, അവയുടെ പുറംപോക്ക് ശരിക്കുപറഞ്ഞാൽ കണ്ടൽക്കാടുകൾ പിടിച്ചുകിടക്കേണ്ടതാണ്. അമേരിക്കയിൽ ഇപ്പോഴും ഇലക്ട്രിക് പോസ്റ്റുകൾ തടിയാണ്. അതിൽനിന്നു കേബിൾവഴി 24 മണിക്കൂറും തുടർച്ചയായി വൈദ്യുതി വിതരണം ചെയ്യുന്നു. കരിങ്കല്ല് കടൽത്തീരം സംരക്ഷിക്കുന്നതിനും റോഡു നിർമിക്കുന്നതിനും കെട്ടിടം പണിയുന്നതിനും ഉപയോഗിക്കേണ്ടതാണ്. നാം ചെറുപാറമടകളും പാടത്തും പറമ്പിലും ചെറുകുളങ്ങളും പ്രോത്സാഹിപ്പിക്കുന്നില്ല. ഇവയെല്ലാം നല്ല ജലസംഭരണികളും ഭൂഗർഭജലത്തിനു സഹായകരവുമാണ്.

**എം. കെ. സിറിയക്**
**മറ്റത്തുമാനാൽ**




## ദിവ്യകാരുണ്യ അദ്ഭുതങ്ങൾ


ഗ്രന്ഥകർത്താ : ഫാ. ഷിജോ ചിരിയങ്കണ്ടത്ത്
പ്രസാധനം : കാർമൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 140 രൂപ



വിശ്വാസവളർച്ചയ്ക്കുതകുന്ന, തിരുസഭ ഔദ്യോഗികമായി അംഗീകരിച്ച 50 ദിവ്യകാരുണ്യാദ്ഭുതങ്ങളെയും വിശുദ്ധ കുർബാനയെ ജീവനുതുല്യം സ്നേഹിച്ച വിശുദ്ധരെയും പരിചയപ്പെടുത്തുന്ന വിശിഷ്ടഗ്രന്ഥം.

## പ്രത്യാശിക്കുവിൻ

ദൈവികപുണ്യങ്ങൾ – 2
ഗ്രന്ഥകർത്താ : ഫ്രാൻസീസ് മാർപാപ്പാ
പ്രസാധനം : കാർമൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 130 രൂപ



ആഗോളകത്തോലിക്കാസഭയുടെ മുഖപത്രമായ 'ഒസ്സെർവത്തോരെ റൊമാനോ'യിൽ ദൈവികപുണ്യങ്ങളിൽ രണ്ടാമത്തേതായ പ്രത്യാശയെക്കുറിച്ച് പ്രസിദ്ധീകരിച്ച ഫ്രാൻസീസ് മാർപാപ്പായുടെ പ്രഭാഷണങ്ങളുടെ സമാഹാരം.



ജിൻസ് കാവാലി




# ആത്മാന്വേഷണത്തിന്റെ ആനന്ദങ്ങൾ

*Loneliness is not when you don't have people around. Lonliness occurs when you cannot find yourself inside you: Renuka Gavrani.*

എന്തുകൊണ്ടാണ് ഒരിത്തിരിനേരം ഒറ്റയ്ക്കിരിക്കുമ്പോഴേക്കും നാം അസ്വസ്ഥരാകുന്നത്? കൂടെ ഒരാളില്ലെങ്കിൽ, ഒരു മൊബൈൽ ഫോണിന്റെ കൂട്ടെങ്കിലും ഇല്ലാതെ പറ്റില്ലെന്ന മാനസികാവസ്ഥയിലേക്ക് എത്തിച്ചേരുന്നത്? ആത്മസ്നേഹം എന്ന മന്ത്രം അഥവാ ആത്മപരിപാലനം എന്ന കല നാം ഇനിയും അഭ്യസിച്ചിട്ടില്ല എന്നതുതന്നെ കാരണം. അവനവനെത്തന്നെ അഭിമുഖീകരിക്കാനുള്ള ഭീതിയിൽനിന്നു സ്വതന്ത്രമാകുന്നതിനാണ് നാം പലപ്പോഴും ആൾക്കൂട്ടങ്ങളിൽ അലിഞ്ഞുചേരാൻ ശ്രമിക്കുന്നത്; ആർപ്പുവിളികളിൽ ആത്മബോധം നഷ്ടപ്പെട്ടു മുങ്ങിത്താഴുന്നത്. ആഴമില്ലാത്ത, ആത്മാവില്ലാത്ത ഒരു പൊങ്ങുതടി കണക്കെ വെറുതെ ഒഴുകിത്തീരേണ്ടതാണോ നമ്മുടെ ജീവിതം? അല്ല എന്നോർമിപ്പിക്കുകയാണ്, ഉള്ളിലെ അനന്തസാധ്യതകളെ കണ്ടെത്താനുള്ള കൈവിളക്കാവുകയാണ് രേണുക ഗവ്റാണിയുടെ 'ദ ആർട്ട് ഓഫ് ബിയിംഗ് എലോൺ' എന്ന പുസ്തകം.

ഒറ്റയ്ക്കായിരിക്കുന്നത് ഒരു മോശം കാര്യമാണെന്ന ചിന്ത ചെറുപ്പംമുതൽത്തന്നെ സമൂഹം ഒരാളുടെ അബോധമനസ്സിൽ കുത്തിവയ്ക്കുന്നുണ്ട്. ജനപ്രിയമായ കഥകളും ചലച്ചിത്രങ്ങളും നോക്കുക. ഒറ്റയ്ക്കായിരിക്കുന്ന ആൾ ഒന്നുകിൽ തരണം ചെയ്യാനാവാത്തവിധം ഗുരുതരപ്രതിസന്ധികൾ അനുഭവിക്കുന്നവരോ അതുമല്ലെങ്കിൽ വിഷാദരോഗികളോ ഒക്കെയാവും. അയാളെ അല്ലെങ്കിൽ അവളെ 'ഒറ്റപ്പെടലിൽ'നിന്നു കരകയറ്റാനാണ് നായകന്റെ അഥവാ നായികയുടെ രംഗപ്രവേശനം. ആ ദൗത്യം പൂർത്തിയാക്കി 'ആഹാ അർമാദം, ആർക്കും അർമാദം, ആർത്തുപൊന്തട്ടേ ആഘോഷപ്രകമ്പനം' (ഈയിടെ വലിയ പ്രദർശനവിജയം നേടിയ ആവേശം എന്ന ചലച്ചിത്രത്തിലെ വരികൾ) എന്ന നിലയിലേക്ക് ഏകാകിയെ പറിച്ചുനടുന്നതോടെ കഥ ശുഭപര്യവസായിയാകുന്നു. ഈ ആഘോഷപ്രകമ്പനങ്ങളിൽ ഓരോരുത്തരെയും അഭിരമിപ്പിക്കുക എന്നതുതന്നെയാണ് ഇന്ന് ലോകത്തെ ഭരിക്കുന്ന വിനോദവ്യവസായം (Entertainment Industry) ലക്ഷ്യം വയ്ക്കുന്നത്.

സോഷ്യൽ മീഡിയകളും ഒറ്റിറ്റി പ്ലാറ്റ്ഫോമുകളുമടക്കം വിരൽത്തുമ്പിൽ വിനോദങ്ങളുടെ അനന്തസാധ്യതകളുള്ളപ്പോൾ അതിനെ അതിജീവിക്കാനുള്ള മനഃശക്തി നമുക്കുണ്ടോ എന്നതാണ് രേണുക ചോദിക്കുന്ന പ്രധാന ചോദ്യം. ഉണ്ടെങ്കിൽ അവനവന്റെ ഉള്ളിലെ അനന്തസാധ്യതകളെ വികസിപ്പിക്കാൻ, ഇനിയും ഖനനം ചെയ്തിട്ടില്ലാത്ത മനസ്സിന്റെ അക്ഷയഖനികളിലേക്കു യാത്ര നടത്താൻ നമുക്കു കഴിയും. അതിനാദ്യമായി ചുറ്റുമുള്ളവരല്ല, നിങ്ങൾതന്നെയാണു നിങ്ങളുടെ ജീവിതത്തെ നിർണയിക്കേണ്ടതെന്നു തിരിച്ചറിയുക. വാരാന്ത്യത്തിന്റെ ആനന്ദം ബിയർപാർലറിലും പാർട്ടികളിലുംതന്നെ ആവണമെന്നില്ല. ഇഷ്ടമുള്ള ഒരു പുസ്തകത്തിലോ ഒറ്റയ്ക്കു നടത്തുന്ന ഒരു യാത്രയിലോ ആവാം. കാതടപ്പിക്കുന്ന ഡിജെ പാട്ടുകൾക്കൊപ്പം നൃത്തം ചെയ്യുന്നതുമാത്രമല്ല ശാന്തമായി ഒരു പുഴയോരത്ത് അല്പനേരം ധ്യാനാത്മകമായി കണ്ണടച്ചിരിക്കുന്നതും എന്റർടെയ്ൻമെന്റുതന്നെയാണ്. ചുറ്റുമുള്ളവർ ചെയ്തുകൂട്ടുന്നവതന്നെയാണോ നമുക്കും സന്തോഷം നൽകുന്നതെന്ന് ആത്മാർഥമായി ചിന്തിക്കുക. അവനവനൊപ്പം സമയം ചെലവഴിക്കുന്നതിനെ ഭയപ്പെടാതിരിക്കുക. നമ്മളെ ഏറ്റവും നന്നായി അറിയാവുന്നത് നമുക്കുതന്നെയാണ്. നമ്മുടെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തായി, സോൾമേറ്റായി നമ്മളെത്തന്നെ മാറ്റിയെടുക്കാൻ കഴിഞ്ഞാൽ അതാവും അവസാന ശ്വാസംവരെയും ഒപ്പമുണ്ടാകുന്ന ഏറ്റവും വിലപ്പെട്ട സമ്പത്ത്.

ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഒറ്റയ്ക്കാവുന്ന സന്ദർഭങ്ങളെ നാമെല്ലാം അഭിമുഖീകരിച്ചേ പറ്റൂ. മാതാപിതാക്കൾ നമുക്കുമുന്നേ കടന്നുപോകും. സഹോദരങ്ങൾക്കും അവരുടേതായ ജീവിതയാത്രയിൽ വേർപിരിയേണ്ടതുണ്ട്. ഇപ്പോൾ കൂടെയുള്ള സഹപാഠികളും സഹപ്രവർത്തകരുമൊക്കെ ജോലിയും ട്രാൻസ്ഫറും പ്രമോഷനുമൊക്കെയായി നാളെ ഓരോ ദേശങ്ങളിലേക്കു കൂടുമാറേണ്ടവരാണ്. ചില വഴികളെങ്കിലും നമ്മൾ തനിച്ചു നടന്നേ തീരൂ എന്നു സാരം. ഈ തനിച്ചുനടപ്പിനെ, ആത്മപ്രയാണത്തെ എങ്ങനെ അഭിമുഖീകരിക്കുന്നുവെന്നതാണു പ്രധാനം. ഒന്നുകിൽ ഒറ്റയ്ക്കായല്ലോ എന്നു വിലപിച്ചു സ്വയം പഴിച്ചും ശപിച്ചും സമൂഹം സഹതാപത്തോടെ നോക്കുന്ന ഒരാളായി മാറാം. അല്ലെങ്കിൽ ഒറ്റയാകുമ്പോൾ തെളിയുന്ന അക്ഷയസാധ്യതകളിലേക്ക് ആത്മബോധത്തോടെ യാത്രയാകാം. ഏതു വഴി തിരഞ്ഞെടുക്കണമെന്ന് ഓരോരുത്തർക്കും തീരുമാനിക്കാം.

സർഗാത്മകമായി ചിന്തിക്കാൻ, സാരവത്തായ ലക്ഷ്യങ്ങളിലേക്കു പറന്നുയരാൻ ഒറ്റയാവുന്നതിന്റെ ആനന്ദത്തെ ആശ്ലേഷിച്ചേ പറ്റൂ. വിക്റ്റർ ഹ്യൂഗോ സർവസമയവും ആൾക്കൂട്ടത്തിലായിരുന്നുവെങ്കിൽ 'പാവങ്ങൾ' എന്ന അമൂല്യകൃതി ലോകത്തിനു ലഭിക്കുകയില്ലായിരുന്നു. ശ്രീകണ്ഠേശ്വരം ജി പദ്മനാഭപിള്ള എന്ന ഭാഷാപണ്ഡിതൻ അനേക വർഷക്കാലം ഒറ്റയ്ക്കു നടത്തിയ പ്രയത്നമാണ് മലയാളത്തിലെ ഏറ്റവും ആധികാരികമായ നിഘണ്ടു

**എത്തിപ്പിടിക്കാൻ ഒരു ലക്ഷ്യമുണ്ടെങ്കിൽ, ചെയ്യാൻ ഒരു കർമമുണ്ടെങ്കിൽ ഒറ്റയ്ക്കാവുന്ന സമയങ്ങൾ അത്യധികം പ്രയോജനപ്രദമാണ്. സഞ്ചരിക്കാൻ ഒരു വഴിയോ, എത്തിച്ചേരാൻ ഒരു ലക്ഷ്യമോ ഇല്ലാതാകുമ്പോഴാണ് ആത്മാഭിമുഖീകരണം സാധ്യമാവാതെ അല്പാനന്ദത്തിന്റെ ആവേശങ്ങളിലേക്കു നാം നമ്മെത്തന്നെ ചവിട്ടിത്താഴ്ത്തുന്നത്.**




എന്നു വിശേഷിപ്പിക്കാവുന്ന ശബ്ദതാരാവലിയുടെ ജനനത്തിനു കാരണം. എത്തിപ്പിടിക്കാൻ ഒരു ലക്ഷ്യമുണ്ടെങ്കിൽ, ചെയ്യാൻ ഒരു കർമമുണ്ടെങ്കിൽ ഒറ്റയ്ക്കാവുന്ന സമയങ്ങൾ അത്യധികം പ്രയോജനപ്രദമാണ്. സഞ്ചരിക്കാൻ ഒരു വഴിയോ എത്തിച്ചേരാൻ ഒരു ലക്ഷ്യമോ ഇല്ലാതാകുമ്പോഴാണ് ആത്മാഭിമുഖീകരണം സാധ്യമാവാതെ അല്പാനന്ദത്തിന്റെ ആവേശങ്ങളിലേക്കു നാം നമ്മെത്തന്നെ ചവിട്ടിത്താഴ്ത്തുന്നത്.

നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുള്ള മാന്ത്രികദണ്ഡുമായി ഒരാളും ജീവിതത്തിലേക്കു കടന്നുവരില്ല. കാരണം, ജീവിതം ഒരു ഫാന്റസിക്കഥയോ സിനിമയോ അല്ല. നിങ്ങൾക്കേറ്റവും വലിയ താങ്ങും തണലുമാവേണ്ടത്, മുന്നോട്ടുനടക്കാനുള്ള ബലവും ശക്തിയും പകരേണ്ടത് നിങ്ങൾതന്നെയാണ്. മറ്റുള്ളവർ എന്തു ചിന്തിക്കുമെന്നു കരുതി നിങ്ങൾ നിങ്ങളുടെ യഥാർഥസ്വത്വത്തെ മാറ്റാൻ ശ്രമിക്കുന്നത് ആത്മവഞ്ചനയാണെന്നും ഗ്രന്ഥകാരി ഓർമിപ്പിക്കുന്നുണ്ട്. "നിങ്ങൾ നിങ്ങളായിരിക്കുക. ഹൃദയം പറയുന്നതു കേൾക്കുക. മനസ്സാക്ഷിക്കനുസൃതം യാത്ര ചെയ്യുക. അപ്പോൾ ഒറ്റയ്ക്കായിരിക്കുന്ന നേരങ്ങൾ അനുഗ്രഹമായിത്തീരുന്നത് എപ്രകാരമെന്നു നിങ്ങൾക്കു മനസ്സിലാകും."

അവനവനെപ്പോലും അംഗീകരിക്കാനാവാത്ത ഒരാളെ മറ്റൊരാൾ എങ്ങനെ അംഗീകരിക്കും എന്ന ചോദ്യവും രേണുക ചോദിക്കുന്നുണ്ട്. അവനവനോട് ആത്മാർഥമായി സംസാരിക്കാനുള്ള ക്ഷമയില്ലാത്ത ഒരാൾക്ക് മറ്റൊരാളോട് എപ്രകാരമാണ് ആത്മാർഥമായി സംസാരിക്കാനാവുക? സ്വന്തം പോരായ്മകൾ തിരിച്ചറിയാനാവാത്ത ഒരാൾക്ക് ഏതുവിധമാണ് മറ്റൊരാളുടെ പോരായ്മകളെ ചൂണ്ടിക്കാണിക്കാനാവുക? ചുരുക്കത്തിൽ, അവനവനെ അറിയുക എന്നത്, ആത്മബോധത്തിലേക്കു വളരുക എന്നത്, ചുറ്റുമുള്ള ലോകത്തെ കൂടുതൽ തെളിഞ്ഞ മിഴികളോടെ സമീപിക്കാനുള്ള മാർഗംകൂടിയാണ്. സ്വന്തം കണ്ണിലെ തടിക്കഷണം എടുത്തുമാറ്റിയിട്ടു വേണം അപരന്റെ കണ്ണിലെ കരടിനെക്കുറിച്ച് ആകുലപ്പെടാൻ. ഏകാന്തനേരങ്ങൾ ആത്മവിമർശനത്തിനും അതുവഴി ആത്മശുദ്ധീകരണത്തിനുമുള്ള വഴിയാക്കി മാറ്റാം എന്നർഥം.

ലോകത്തിലെ ഏഴു മഹാദ്ഭുതങ്ങളെക്കാൾ വലിയ അദ്ഭുതങ്ങൾ നമ്മുടെ ഉൾപ്രപഞ്ചത്തിലുണ്ടെന്നും ഗ്രന്ഥകാരി എഴുതുന്നുണ്ട്. ബോബി ജോസ് കട്ടികാടിന്റെ ഭാഷയിൽ പറഞ്ഞാൽ 'നിൻെറ ഉള്ളിൽ പുറത്തുള്ളതിനെക്കാൾ മഴയുണ്ട്. വനമുണ്ട്. ആകാശവുമുണ്ട്. നീയാണു പ്രപഞ്ചം.' മനസ്സാകുന്ന പ്രപഞ്ചത്തിലേക്കു ധൈര്യപൂർവം യാത്ര തുടങ്ങാനുള്ള മികച്ച ഒരു വഴികാട്ടിയാകുന്നുണ്ട് ഈ പുസ്തകം. ലളിതമായ ഭാഷ. ഹൃദ്യമായ അവതരണം. അമരില്ലിസ് (Amaryllis) ആണ് ഇപ്പോൾ നാഷണൽ ബെസ്റ്റ് സെല്ലർ പട്ടികയിലുള്ള ഈ പുസ്തകത്തിന്റെ പ്രസാധകർ.

■



*കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന നേതൃയോഗം പാലാരിവട്ടം പി.ഒ.സി.യിൽ സംസ്ഥാന ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജോൺ അരീക്കൽ, പ്രസാദ് കുരുവിള, വി.ഡി. രാജു, ആന്റണി ജേക്കബ് ചാവറ, ബോണി സി.എക്സ്., അന്തോണിക്കുട്ടി ചെതലൻ, സിബി ഡാനിയേൽ, എബ്രാഹം റ്റി.എസ്., ഡിക്രൂസ് എ.ജെ., മേരി ദീപ്തി, റോയി മുരിക്കോലിൽ എന്നിവർ സമീപം.*



നോവൽ 3

# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതു വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടും സ്ഥലവും വിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് അവർ തമ്മിൽ ബന്ധമൊന്നുമുണ്ടായിരുന്നില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണം നിശ്ചയിച്ചു. സിസിലിയെയും ഭർത്താവ് തോമസിനെയും കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും കാറിൽ ഹൈറേഞ്ചിലേക്കു പോയി. കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലാണ് സിസിലിയും കുടുംബവും താമസിക്കുന്നതെന്നു മനസ്സിലാക്കി അവർ അന്വേഷിച്ച് അവിടെയെത്തി. പഴയ കൂട്ടുകാരിയെ കണ്ടപ്പോൾ സിസിലിക്ക് ഒരുപാട് സന്തോഷമായി. ഭർത്താവ് തോമസിനെ എട്ടുവർഷം മുമ്പ് ആനചവിട്ടിക്കൊന്നു എന്ന സത്യം അപ്പോൾ മാത്രമാണ് സൂസമ്മ അറിഞ്ഞത്. സിസിലിയുടെ മകൾ എൽസ ജയേഷിനെ ആ നാടിന്റെ സൗന്ദര്യം കാണിച്ചു കൊടുക്കാൻ അടുത്തൊരു സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. (തുടർന്നു വായിക്കുക)

"എന്റെ കല്യാണം ഫിക്സ് ചെയ്തു. അതിനു ക്ഷണിക്കാൻ കൂടി വന്നതാ."

ജയേഷ് അതു പറഞ്ഞപ്പോൾ എൽസയുടെ കണ്ണുകൾ വിടർന്നു:

"ഉവ്വോ? സന്തോഷം. പുള്ളിക്കാരിക്ക് എന്താ ജോലി?"

"എന്നെപ്പോലെ സോഫ്റ്റ്‌വെയർ എൻജിനീയറാ. ഇപ്പം ചെന്നൈയിലാ. കൊച്ചിയിലേക്കു സ്ഥലംമാറ്റം കിട്ടും."

"അപ്പ രണ്ടുപേരും ജോലിക്കാരാ. അമ്മ വല്യ സന്തോഷത്തിലായിരിക്കും അല്ലേ?"

"പിന്നില്ലേ. മക്കള് പഠിച്ചു ജോലി കിട്ടുക, നല്ലൊരു കല്യാണം നടക്കുക എന്നൊക്കെ പറഞ്ഞാൽ ഏതൊരമ്മയ്ക്കും സന്തോഷമുള്ള കാര്യമല്ലേ? ആട്ടെ, എൽസയ്ക്കു കല്യാണമൊന്നും ആലോചിക്കുന്നില്ലേ?"

"അങ്ങനെയൊരു സ്വപ്നം മനസ്സിന്റെ കോണിൽപ്പോലുമില്ല. ഈ ചട്ടുകാലിയെ ആരു വന്നു കെട്ടാനാ? അതും ഈ മലമുകളിൽ വന്ന്?"

ജയേഷ് ഒന്നും മിണ്ടിയില്ല. എൽസയുടെ കണ്ണുകൾ നിറഞ്ഞത് അയാൾ ശ്രദ്ധിച്ചതുമില്ല.

കുറച്ചുദൂരം കൂടി നടന്ന്, ഒരു പാറയുടെ മുകളിലേക്കു കയറി എൽസ. എന്നിട്ട് തിരിഞ്ഞ് ജയേഷിനെ നോക്കി പറഞ്ഞു:

"വീഴാതെ നോക്കണേ. എന്റെ കയ്യേൽ പിടിച്ചോ."

എൽസ കൈ നീട്ടിയതും ജയേഷ് ആ കൈയിൽ പിടിച്ചു. അവൾ അവനെ വലിച്ചു പാറയിലേക്കു കയറ്റി. സാവധാനം നടന്ന് പാറയുടെ മുനമ്പിലെത്തി. അവിടെ രണ്ടു പാറകൾക്കിടയിൽ കുറച്ചു സ്ഥലത്ത് ഇത്തിരി മണ്ണുണ്ടായിരുന്നു. ആ മണ്ണിൽ വലിയൊരു മരം പന്തലിച്ചു നിൽക്കുന്നു. ആ തണലിൽ ഇരുന്നാൽ താഴ്‌വാരവും ദൂരെ മലമടക്കുകളും കാണാം. മനോഹരമായ ദൃശ്യം. എൽസ ഇരുന്നു. അടുത്തു ജയേഷും.

"നല്ലൊരു കാഴ്ചയാണല്ലോ. ഇവിടെ വന്നില്ലായിരുന്നെങ്കിൽ നഷ്ടമായേനെ."

ജയേഷ് പറഞ്ഞു.

"ഞാൻ ഇടയ്ക്കിടെ ഇവിടെ വന്നിരിക്കും." എൽസ പറഞ്ഞു.

"ഒറ്റയ്ക്കോ...?"

"അല്ല. എന്റെ ഒരു കൂട്ടുകാരിയുണ്ട്. നിഷ. അവളും കാണും. കളിച്ചും ചിരിച്ചും കഥ പറഞ്ഞും ഞങ്ങളു കുറേനേരം ഇവിടിരിക്കും. നല്ല കാറ്റുണ്ടല്ലോ. രസമല്ലേ ഇവിടിരിക്കാൻ?"

"പിന്നല്ലേ. ഞങ്ങളു താമസിക്കുന്നിടത്ത് ഇതുപോലെ മലയോ പാറയോ ഒന്നുമില്ല."

മരത്തിന്റെ ചോട്ടിലിരുന്ന് അവർ വിശേഷങ്ങൾ പങ്കിട്ടു. തമാശകൾ പറഞ്ഞു ചിരിച്ചു. സമയം പോയതറിഞ്ഞില്ല. നല്ല കാറ്റുണ്ടായിരുന്നതുകൊണ്ട് എണീറ്റു പോരാനേ തോന്നിയില്ല.

എൽസ നല്ല പെൺകുട്ടിയാണെന്നു ജയേഷിനു തോന്നി. ഗ്രാമത്തിന്റെ വിശുദ്ധിയും നിഷ്കളങ്കതയും നിറഞ്ഞ നാടൻ പെണ്ണ്. മനസ്സിലൊന്നും ഒളിച്ചുവയ്ക്കാനറിയാത്ത ഗ്രാമീണകന്യക. ഉള്ളുതുറന്നു സംസാരിക്കുന്ന ശുദ്ധഹൃദയ.

ഒരു മണിക്കൂർ ഇരുന്ന് വർത്തമാനം പറഞ്ഞപ്പോഴേക്കും ഒരു വർഷം ഒരുമിച്ചു നടന്നതുപോലെ അടുത്തിരുന്നു അവരുടെ മനസ്സ്.

"നേരം ഒരുപാടായി. ഇനി പോകാം. അമ്മ കാത്തിരിക്കയാവും. ചോറുണ്ണാൻ നേരമായല്ലോ."

എൽസഎണീറ്റു.

"ഇവിടുന്ന് എണീക്കാനേ തോന്നുന്നില്ല. എത്ര നല്ലപ്ലേസാ. നല്ല കാറ്റും."

"എന്നാ ഇവിടെ കുറച്ചു സ്ഥലം വാങ്ങി ഇങ്ങോട്ടു വന്നു താമസിച്ചോ."

അതു പറഞ്ഞിട്ട് എൽസ ചിരിച്ചു.

കുപ്പിവള കിലുങ്ങിയപോലുള്ള ശബ്ദം. ജയേഷിനു നന്നേ ഇഷ്ടമായി ആ ചിരി.

"നല്ല ചിരിയാണല്ലോ? ഈ ചിരിയിൽ ആരും വന്നു വീണില്ലേ?"

"ചിരിച്ചുവീഴിക്കാനൊന്നും ഇതുവരെ നോക്കീട്ടില്ല ജയേഷേ. അതിനുള്ള സാമർഥ്യമൊന്നും എനിക്കില്ല. പുറത്തിറങ്ങിയാൽ ഞാൻ ഗൗരവക്കാരിയാ. ങ്ഹ എണീക്ക്. പോകാം."

ജയേഷ് എണീറ്റ് എൽസയുടെ പിന്നാലെ നടന്നു. വർത്തമാനം പറഞ്ഞ് അവർ വീട്ടിലെത്തി. സിസിലി കാത്തുനിൽക്കുകയായിരുന്നു.

"ഒരുപാട് നേരമായല്ലോ. എല്ലാ സ്ഥലവും ഇവളു കാണിച്ചുതന്നോ മോനേ?"

"ഉം" ജയേഷ് തലകുലുക്കി.

"വാ... ചോറും കറികളും വിളമ്പിവച്ചിട്ട് നേരം കുറേയായി. എന്തേ വരാൻ വൈകുന്നതെന്ന് ഓർത്തിരിക്കയായിരുന്നു. ഇവളു വാചകമടിച്ചിരുന്നു ബോറടിപ്പിച്ചു കാണും അല്ലേ?"

"ഏയ്... നേരം പോയത് അറിഞ്ഞില്ല. അവിടിരിക്കാൻ നല്ല രസമായിരുന്നു. എൽസ നിർബന്ധിച്ച് എണീപ്പിച്ചുകൊണ്ടു വന്നതാ."


"വാ... വന്നു കൈകഴുകിയിട്ട് ഇരിക്ക്."

ജയേഷ് വാഷ്ബേസിനിൽ വന്ന് കൈകഴുകിയിട്ട് ഡൈനിങ് ടേബിളിനരികിൽ വന്ന് ഇരുന്നു. പിന്നാലെ സൂസമ്മയും വന്ന് ഇരുന്നു.

"എൽസ ഇരിക്കുന്നില്ലേ?" സൂസമ്മ ചോദിച്ചു.

"ഞാൻ പിന്നെ കഴിച്ചോളാം."

"അതു വേണ്ട. കൈകഴുകിയിട്ട് വന്നിരിക്ക്. നമുക്കൊരുമിച്ചിരുന്നു കഴിക്കാം."



സൂസമ്മയുടെ നിർബന്ധത്തിനു വഴങ്ങി എൽസ കൈകഴുകിയിട്ട് വന്നിരുന്നു. ഒരുപാട് കറികളൊന്നും ഇല്ലായിരുന്നു ഊണിന്. ഉള്ളതൊക്കെ നല്ല രുചിയുള്ളതായിരുന്നു.

"നിങ്ങളൊന്ന് അറിയിച്ചിട്ടു വന്നിരുന്നെങ്കിൽ ഞാൻ നല്ലൊരു സദ്യ ഒരുക്കിവച്ചേനെ." സിസിലി പറഞ്ഞു.

"ഇതു ധാരാളമല്ലേ സിസിലീ. ഇത്രപെട്ടെന്ന് എത്രകൂട്ടം കറികളാ ഒണ്ടാക്കീത്. നല്ല ടേസ്റ്റും."

ഊണുകഴിക്കുന്നതിനിടയിൽ സൂസമ്മ എൽസയെ നോക്കി പറഞ്ഞു:

"ഞങ്ങളൊരു സന്തോഷവാർത്ത പറയാനും കൂടിയാ വന്നത്."

"അറിഞ്ഞു ആന്റി. ജയേഷ് പറഞ്ഞു."

"അപ്പം രണ്ടുപേരും കൂടി കല്യാണത്തിനു വന്നേക്കണം. തലേന്നേ എത്തിയേക്കണം. ഇൻവിറ്റേഷൻ കാർഡ് ഞാൻ അമ്മേടെ കൈയിൽ കൊടുത്തിട്ടുണ്ട്. അടുത്തമാസം പത്തിന്."

"വരും ആന്റി. തീർച്ചയായും വരും. പോകണ്ടേ അമ്മേ?"

"പിന്നെ പോകണ്ടേ? എന്റെ തോളേൽ കിടന്നു വളർന്ന ചെക്കനല്ലേ. പോകാണ്ടിരിക്കാൻ പറ്റ്വോ?"

ഓരോന്നു പറഞ്ഞിരുന്ന് ഊണുകഴിച്ച് എണീറ്റു കൈകഴുകി.

ഉച്ചകഴിഞ്ഞ് സൂസമ്മ പറമ്പൊക്കെ ഒന്നു ചുറ്റിനടന്നു കണ്ടു. സിസിലിയുമുണ്ടായിരുന്നു കൂടെ. മൂന്നുമണിയായപ്പോൾ തിരിച്ചെത്തി.

"പോകണ്ടേ മോനേ?" സൂസമ്മ മകനോടു ചോദിച്ചു.

"ഇന്നു വിടില്ല. വളരെക്കാലം കൂടി വന്നതല്ലേ. ഇന്നിവിടെ തങ്ങീട്ട് രാവിലെ പോയാൽ മതി. ഇനിയുമുണ്ട് വേറെ സ്ഥലം കാണാൻ. വൈകുന്നേരം ഞാനതു കൊണ്ടേ കാണിക്കാം."

എൽസ പറഞ്ഞു.

"ഇന്നുതന്നെ മടങ്ങാന്ന് ഉറപ്പു കൊടുത്തതുകൊണ്ടാ ജയേഷ് എന്റെ കൂടെ പോന്നത്."

"ആ നിലപാടൊക്കെ ജയേഷ് മാറ്റി ആന്റി. ഇല്ലേൽ ചോദിച്ചു നോക്ക്."

"എന്താടാ? നാളെ പോയാ മതിയോ?"

"അമ്മേടെ ഇഷ്ടം."

"നീ എന്നാ പറഞ്ഞു മയക്കി ഇവനെ?"

സൂസമ്മ എൽസയുടെ നേരേ നോക്കി ചിരിച്ചു.

"കാര്യം പറഞ്ഞാൽ ജയേഷിനു മനസ്സിലാകും ആന്റി. വൈകിട്ട് ഞാൻ വേറെ കുറെ സ്ഥലങ്ങൾ ജയേഷിനു കാണിച്ചു കൊടുക്കും. കല്യാണം കഴിഞ്ഞ് ഇനി ഇങ്ങോട്ടൊന്നും വരവുണ്ടാകില്ലല്ലോ."

"എന്നാ മോളുടെ ഇഷ്ടം പോകലെയാകട്ടെ. നാളെയേ പോകുന്നുള്ളൂ."

സിസിലിക്കും എൽസയ്ക്കും സന്തോഷമായി.

വൈകുന്നേരം ജയേഷിനെയും കൂട്ടി വേറെ സ്ഥലങ്ങൾ കാണാൻ പോയി എൽസ. മടങ്ങുന്ന വഴി കുറുക്കൻകുന്ന് കവലയിൽനിന്ന് പലവ്യഞ്ജനം വാങ്ങിക്കൊണ്ടാണു പോന്നത്.


അത്താഴത്തിന് ഒരുപാട് വിഭവങ്ങളുണ്ടായിരുന്നു. വയറുനിറയെ കഴിച്ചു ജയേഷ്. പിന്നെ, രാവേറെ വർത്തമാനം പറഞ്ഞിരുന്നു നാലുപേരും.

പതിനൊന്നു മണിയായപ്പോൾ, ജയേഷിന്റെ കണ്ണുകളെ ഉറക്കം തലോടി. കോട്ടുവാ വിടുന്നതു കണ്ടപ്പോൾ സിസിലി അവനെ വിളിച്ചുകൊണ്ടുപോയി കട്ടിലിൽ കിടത്തി. എൽസയും പോയി കിടന്നു. സൂസമ്മയും സിസിലിയും പിന്നെയും വർത്തമാനം പറഞ്ഞിരുന്നു.

പുലർച്ചെ എണീറ്റ് പള്ളിയിൽ പോയി വിശുദ്ധകുർബാനയിൽ പങ്കുകൊണ്ടു നാലുപേരും. തിരികെ വീട്ടിൽവന്നു പ്രഭാതഭക്ഷണം കഴിച്ചു. ഇഡ്ഡലിയും സാമ്പാറുമായിരുന്നു. ഭക്ഷണം കഴിഞ്ഞ് എണീറ്റു കൈകഴുകിയിട്ട് പോകാനായി യാത്ര ചോദിച്ചു.

"കല്യാണത്തിനു വരണംട്ടോ? പറ്റുമെങ്കിൽ ടെസിയെയും കൂടി കൂട്ടിക്കൊണ്ടുവരണം. അവളോടു ഞാൻ നേരിട്ടു വിളിച്ചു പറഞ്ഞോളാം." സൂസമ്മ എൽസയുടെ നേരേ തിരിഞ്ഞിട്ടു തുടർന്നു: "വരണം ട്ടോ മോളേ. തലേന്നുതന്നെ വരണം. ജനിച്ചു വളർന്ന വീടും പറമ്പുമൊക്കെ ഒന്നു കാണുകകൂടി ചെയ്യാലോ."

ശേഷം 15-ാം പേജിൽ




**ജൂലൈ 7**
**കൈത്താക്കാലം**
**ഒന്നാം ഞായർ**

**ഉത്പ 35:23–29**
**ജോഷ്വാ 4:1–9**
**വെളി 21:9–21**
**മത്താ 10:1–15**



**ഫാ. ഡോ. തോമസ് വടക്കേൽ**

# പന്ത്രണ്ടു പുത്രന്മാരും പന്ത്രണ്ടു ശ്ലീഹന്മാരും



**സ**ഭയുടെ വളർച്ചയെയും ആത്മീയവിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമകാലമാണ് കൈത്താക്കാലം. 'കൈത്ത' എന്ന പദത്തിന്റെ അർഥം 'വേനൽ' എന്നാണ്. വിളവുകൾ ശേഖരിക്കുന്നത് വേനൽക്കാലത്താണ്. ഈശോമിശിഹായോടു ചേർന്നുനിൽക്കുമ്പോൾ വളരുന്ന, ഫലം പുറപ്പെടുവിക്കുന്ന സഭയെക്കുറിച്ചുള്ള ദർശനങ്ങളാണ് ഈ കാലഘട്ടത്തിൽ കൂടുതലായി ധ്യാനവിഷയമാകുന്നത്. കൈത്താക്കാലം ആദ്യഞായർ പന്ത്രണ്ടു ശ്ലീഹന്മാരെ ഓർമിക്കുന്ന തിരുനാൾദിനമാണ്. ഈ ദിവസത്തെ വായനകളെല്ലാം 'പന്ത്രണ്ട്' എന്ന സംഖ്യയുമായി ബന്ധപ്പെട്ടുനിൽക്കുന്നവയുമാണ്.

ഒന്നാംവായനയിൽ (ഉത്പ. 35:23–29) യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരെക്കുറിച്ചും; രണ്ടാം വായനയിൽ (ജോഷ്വാ. 4:1–9), ജോർദാൻനദിയിൽനിന്നെടുത്ത പന്ത്രണ്ടു സ്മാരകശിലകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും; മൂന്നാംവായനയിൽ (വെളി. 21:9–21) കുഞ്ഞാടിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 10:1–15) ഈശോമിശിഹാ തിരഞ്ഞെടുത്തയച്ച പന്ത്രണ്ടു ശ്ലീഹന്മാരെക്കുറിച്ചും നാം ധ്യാനിക്കുന്നു.

**ഉത്പത്തി 35:23–29:** യാക്കോബ്, റബേക്കയുടെയും ഇസഹാക്കിന്റെയും രണ്ടാമത്തെ പുത്രനാണ് (ഉത്പ. 25:21–26). ചേട്ടനായ ഏസാവിൽനിന്നു കടിഞ്ഞൂലവകാശം വിലയ്ക്കു വാങ്ങിയവനാണ് യാക്കോബ്. വൃദ്ധനും അന്ധനുമായിത്തീർന്ന ഇസഹാക്കിൽനിന്നു കടിഞ്ഞൂൽപുത്രനുള്ള അനുഗ്രഹം സ്വന്തമാക്കിയവനാണ് യാക്കോബ് (ഉത്പ. 27:1–29). പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ ഹാരാനിലേക്കു യാത്രയായപ്പോൾ മാർഗമധ്യേ ദൈവദർശനം ലഭിച്ചവനാണ് യാക്കോബ് (ഉത്പ. 28:10–22). ദൈവദൂതനോടു മൽപ്പിടിത്തം നടത്തുകയും; തുടർന്ന് 'ഇസ്രയേൽ' എന്ന നാമം തന്റെ പേരിനു പകരമായി സ്വീകരിക്കുകയും ചെയ്തവനാണ് യാക്കോബ്. ഇന്നത്തെ വചനവായനയിൽ ഈ യാക്കോബിന്റെ ഫലങ്ങളായ പന്ത്രണ്ടു പുത്രന്മാരെക്കുറിച്ചാണു പ്രതിപാദിക്കുന്നത്. യാക്കോബിന് പന്ത്രണ്ടു പുത്രന്മാരുണ്ടായിരുന്നു. ലെയായുടെ പുത്രന്മാർ ആറു പേരാണ്. യാക്കോബിന്റെ കടിഞ്ഞൂൽപുത്രൻ റൂബൻ, ശിമയോൻ, ലേവി, യൂദാ, ഇസാക്കർ, സെബുലൂൺ. ലെയാ ലാബാന്റെ മൂത്തമകളാണ്. ലെയായുടെ സഹോദരിയാണ് റാഹേൽ.

യാക്കോബിനു റാഹേലിൽ ജനിച്ച മക്കൾ രണ്ടാണ്: ജോസഫ്, ബെഞ്ചമിൻ. ഈ റാഹേലിനെ വിവാഹം ചെയ്യുന്നതിനുവേണ്ടിയായിരുന്നു യാക്കോബ് ലാബാന്റെ കീഴിൽ ആദ്യം ഏഴുവർഷം ജോലി ചെയ്തത് (ഉത്പ. 29:18–19). പിന്നീട് ഏഴുവർഷം കൂടി ലാബാനുവേണ്ടി ജോലി ചെയ്യേണ്ടിവന്നു, യാക്കോബിനു റാഹേലിനെ സ്വന്തമാക്കാൻ (ഉത്പ. 29:27).

റാഹേലിനെ യാക്കോബിനു ഭാര്യയായി നൽകിയപ്പോൾ ലാബാൻ തന്റെ അടിമയായ ബിൽഹായെ റാഹേലിനു പരിചാരികയായി നൽകി. യാക്കോബിന് ഈ പരിചാരികയായ ബിൽഹായിൽ രണ്ടു മക്കൾ ജനിച്ചു: ദാൻ, നഫ്ത്താലി (ഉത്പ. 30:1–8).

ലെയായെ യാക്കോബിനു ഭാര്യയായി നൽകിയപ്പോൾ ലാബാൻ തന്റെ മറ്റൊരു അടിമയായ സിൽഹായെ ലെയായ്ക്കു പരിചാരികയായി നൽകി. പരിചാരികയായ സിൽഫായിൽ യാക്കോബിന് രണ്ടു പുത്രന്മാരാണ് ജനിച്ചത്: ഗാദ്, ആഷേർ (ഉത്പ. 30:9–13).

യാക്കോബിന്റെ ഈ പന്ത്രണ്ടു പുത്രന്മാരുടെ പേരുകൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെയാണു സൂചിപ്പിക്കുന്നത്. രക്ഷാകരചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള സംഖ്യയാണിത്. ഇതു ദൈവജനത്തിന്റെ പൂർണതയെക്കുറിക്കുന്ന സംഖ്യയാണ്. ഗ്രീക്കുഭാഷയിൽ 'ദൊദേക്കാ' (dodeka) എന്നും ഹീബ്രുഭാഷയിൽ 'അസെർ ഷെനെം' (asar shenem) എന്നുമുള്ള പ്രയോഗം പ്രസക്തമാണ്. യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാർ ഇസ്രയേലിന്റെ ഫലസമൃദ്ധിയുടെ പ്രതീകമാണ്.

**ജോഷ്വാ: 4:1–9:** ഇസ്രയേൽജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്നു വിമോചിപ്പിച്ച് വാഗ്ദത്തദേശത്തിന്റെ പടിവാതിൽക്കൽവരെ എത്തിച്ചത് മോശയാണ്. തുടർന്ന്, കാനാൻദേശത്തേക്ക് ജനത്തെ നയിച്ചത് മോശ തന്നെ അഭിഷേകം ചെയ്തു നിയോഗിച്ച ജോഷ്വായാണ്. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രയേൽജനത അവരുടെ ഭൂമി സ്വന്തമാക്കി. ഈ യാത്രയ്ക്കിടയിൽ ദൈവമായ കർത്താവു ചെയ്ത അദ്ഭുതകരമായ പ്രവൃത്തികളെ അനുസ്മരിപ്പിക്കുന്നതിനായി പന്ത്രണ്ടു സ്മാരകശിലകൾ സ്ഥാപിക്കുന്നതാണ് വചനത്തിന്റെ പശ്ചാത്തലം.

ജനം ജോർദാൻനദി കടന്നപ്പോഴാണ് ദൈവം ജോഷ്വായ്ക്ക് ഈ കല്പന നൽകുന്നത്. ഓരോ ഗോത്രത്തിൽനിന്നും ഓരോരുത്തരെ വീതം ആകെ പന്ത്രണ്ടു പേരെ തിരഞ്ഞെടുക്കുക എന്നും, അവർ ജോർദാന്റെ നടുവിൽ പുരോഹിതന്മാർ നിന്നിരുന്ന സ്ഥലത്തുനിന്നു പന്ത്രണ്ടു കല്ലുകൾ കൊണ്ടുവന്ന് അവർ താവളമടിക്കുന്ന സ്ഥലത്തു സ്ഥാപിക്കണമെന്നും കർത്താവു കല്പിച്ചു. ഈ സ്മാരകശില സ്ഥാപിക്കുന്നത് ഗിൽഗാലിൽ (Gilgal) ആണ് (ജോഷ്വാ. 4:19).

നദിയിലെ പന്ത്രണ്ടു കല്ലുകൾ സ്ഥാപിക്കുന്നത് അവർ നദി കടന്നതിനെക്കുറിച്ച് ഓർമിപ്പിക്കാനും ദൈവമായ കർത്താവിന്റെ കരം പ്രതിസന്ധികളിൽ അവരുടെ കൂടെ ഉണ്ടായിരുന്നുവെന്ന് അനുസ്മരിപ്പിക്കാനുമാണ്. ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളും ദൈവപരിപാലനയിൽ നദി കടന്നു എന്നതിനെ ഓർമിപ്പിക്കാനാണ് ഓരോ ഗോത്രവും ഓരോ കല്ല് എടുക്കുന്നത്. ദൈവികമായ രക്ഷ എല്ലാവർക്കും ലഭിക്കുന്നുണ്ട്. ഒരു ഗോത്രത്തെയും ഇവിടെ വിട്ടുകളയുന്നില്ല.

ദൈവകല്പനകൾ അനുസരിക്കുന്നവനാണ് ജോഷ്വാ. കർത്താവിന്റെ വാക്കുകൾ കേട്ട് ജോഷ്വ ജനത്തിൽനിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു വിളിച്ചു; ദൈവം കല്പിച്ചത് അറിയിച്ചു. അനുസരണക്കേടിന്റെ മക്കളുടെമുമ്പിൽ മോശ 'അനുസരണത്തിന്റെ മാതൃക' ആയിത്തീരുകയാണ്. അദ്ദേഹത്തിന് വിമതസ്വരമോ മറുതലിക്കലോ മുറുമുറുപ്പോ ഇല്ല; വിധേയത്വമാണുള്ളത്. മോശയുടെ വാക്കുകളോടു ജനം പ്രതികരിക്കുന്നതും ഭാവാത്മകമായിട്ടാണ്. അവിടെ നിഷേധത്തിന്റെയും അനുസരണക്കേടിന്റെയും സ്വരമില്ല.

ഈ കല്ലുകൾ ഒരു സ്മാരകമാണ്. ഗ്രീക്കുഭാഷയിൽ 'സെമിയോൻ' (semeion) എന്നും ഹീബ്രുഭാഷയിൽ 'ഓത്ത്' (oth) എന്നും ഉള്ള പദം സൂചിപ്പിക്കുന്നത് ദൃശ്യമായ ഒരു അടയാളത്തെയാണ്. അദൃശ്യമായ ദൈവത്തിന്റെ ഇടപെടൽ ദൃശ്യമായ അടയാളങ്ങളിലൂടെ അനുസ്മരിക്കുകയാണിവിടെ. ഈ കല്ലുകൾ ഒരു ഓർമപ്പെടുത്തലാണ്.

**വെളിപാട് 21:9–21:** മൂന്നാംവായനയിൽ പ്രതിപാദിക്കുന്ന സ്വർഗീയജറുസലേം ഒരു പ്രതീകമാണ്. തിന്മയ്ക്കെതിരെയുള്ള യുദ്ധമെല്ലാം അവസാനിച്ച് സഭയാകുന്ന തീർഥാടകസമൂഹം എത്തിച്ചേരുന്ന ലക്ഷ്യമാണിത്. കുഞ്ഞാടിന്റെ മണവാട്ടിയായ മഹത്ത്വീകൃതസഭയുടെ ചിത്രമാണിത്. ഏശയ്യാപ്രവാചകന്റെയും (65:17–25) എസെക്കിയേൽപ്രവാചകന്റെയും (40–42) പുതിയ ജറുസലേമിനെക്കുറിച്ചുള്ള പരാമർശങ്ങളുടെ പൂർത്തീകരണമാണിത്. മാനുഷികമായ ഭാഷയിൽ വർണിക്കാനാവാത്ത സ്വർഗീയ യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ശ്ലീഹായുടെ വിവരണമാണ് ഈ വചനഭാഗത്ത് നാം ശ്രവിക്കുന്നത്.

കുഞ്ഞാടിന്റെ മണവാട്ടിയെക്കുറിച്ചാണ് ആദ്യം ഇവിടെ പരാമർശിക്കുന്നത് (21:9). 'അർനിയോൻ' എന്ന ഗ്രീക്കുപദത്തിന്റെ അർഥം കുഞ്ഞാട് എന്നാണ്. ഈശോയെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദമാണിത്. ഈശോയുടെ മണവാട്ടി എന്നത് പ്രതീകാത്മകമാണ്. മഹത്ത്വീകൃതസഭയുടെ സൂചനയാണിത്.

ആത്മീയാനുഭൂതിയിൽ വിശുദ്ധ യോഹന്നാൻശ്ലീഹായ്ക്കുണ്ടാകുന്ന ദർശനമാണിവിടെ വിവരിക്കുന്നത്. 'അവൻ ഉയരമുള്ള വലിയ ഒരു മലയിലേക്ക് ആത്മാവിൽ എന്നെ കൂട്ടിക്കൊണ്ടുപോയി' (21:10). 'ഏൻ പ്നെവുമാതി' (en pneumati) എന്ന പ്രയോഗത്തിന്റെ അർഥം 'IN SPIRIT' എന്നാണ്. ദൈവാത്മാവിന്റെ ഇടപെടലിന്റെ സൂചനയാണിത്. ഇത് ഒരു മിസ്റ്റിക്കൽ അനുഭവംതന്നെയാണ്.

ഈ ദിവ്യാനുഭൂതിയിൽ യോഹന്നാൻ കാണുന്നത് പ്രശോഭിച്ചുനിൽക്കുന്ന സ്വർഗീയ ജറുസലേമാണ്. അതിനെക്കുറിച്ചുള്ള വർണന ഏറെ ശ്രദ്ധേയമാണ്. ലക്ഷ്യത്തിലെത്തിച്ചേർന്ന സഭയിൽ ഉള്ളത് ദൈവത്തിന്റെ തേജസ്സാണ്. അതിന്റെ തിളക്കം അമൂല്യരത്നത്തിന്റേതാണ്. ഈ സ്വർഗീയജറുസലേമിനു പന്ത്രണ്ടു കവാടങ്ങളുണ്ട്; അവിടെ പന്ത്രണ്ടു ദൂതന്മാരുണ്ട്. ആ കവാടങ്ങളിലെല്ലാം പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകളായിരുന്നു കുറിച്ചുവച്ചിരുന്നത്. പന്ത്രണ്ട് പൂർണതയുടെ സംഖ്യയാണ്. മഹത്ത്വീകൃതസഭയുടെ പൂർണതയെയാണിതു സൂചിപ്പിക്കുന്നത്.

**മത്തായി 10:1–15:** ഇസ്രയേലിലെ പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ സ്ഥാനത്ത് പുതിയ ദൈവജനത്തിനുവേണ്ടി ഈശോ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ നിയോഗിച്ചയയ്ക്കുന്നതാണ് വചനഭാഗം. അവർക്ക് വളരെ പ്രത്യേകമായ ദൗത്യവും ഈശോ നൽകുന്നുണ്ട്: അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കുക, രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തുക, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നുവെന്നു പ്രഘോഷിക്കുക.

ഈശോ തിരഞ്ഞെടുത്തയയ്ക്കുന്ന ശിഷ്യന്മാർക്ക് അപ്പസ്തോലന്മാർ എന്ന പേരാണ് നൽകിയിരിക്കുന്നത്. ഗ്രീക്കുഭാഷയിലെ 'അപ്പോസ്തോലോസ്' എന്ന പദത്തിന്റെ അർഥം 'the sent one' - അയയ്ക്കപ്പെട്ടവൻ എന്നാണ്. ഈശോമിശിഹായുടെ ശുശ്രൂഷകൾ തുടരാൻവേണ്ടി നിയോഗം ലഭിച്ച് അയയ്ക്കപ്പെട്ടവരാണിവർ. ഈശോ ഇതുവരെ ചെയ്ത കാര്യങ്ങളാണ് ഇനിമുതൽ ഇവർ പിന്തുടരേണ്ടത്.

ചില നിർദേശങ്ങളോടെയാണ് ശിഷ്യന്മാർ അയയ്ക്കപ്പെടുന്നത്: എവിടെ പോകരുത് (10:5); എവിടെ പോകണം (10:6); എന്തു ചെയ്യണം (10:7–8); മുൻകരുതലുകൾ എന്തൊക്കെ പാടില്ല (10:9–10); എവിടെ താമസിക്കണം (10:11); സ്വീകരിക്കുന്നവരോട് എങ്ങനെ പെരുമാറണം (10:12–13); തിരസ്കരിക്കുന്നവരോട് എങ്ങനെ പ്രതികരിക്കണം (10:14–15). തോന്നുംപടിയുള്ള ജീവിതമല്ല; ജീവിതശൈലിയല്ല ശിഷ്യന്മാരുടേത്. അത് ഒരു അച്ചടക്കത്തോടുകൂടിയ മാർഗമാണ്.

ദൈവത്തിൽ ആശ്രയിച്ച് ശുശ്രൂഷ ചെയ്യാനാണ് ഈശോ ശിഷ്യന്മാരോട് ആഹ്വാനം ചെയ്യുന്നത്. പ്രേഷിതദൗത്യവുമായി ഇറങ്ങിത്തിരിക്കുന്ന ക്രിസ്തുശിഷ്യൻ, ജീവിതം ഭദ്രമാക്കുന്നവ -സ്വർണം, വെള്ളി, ചെമ്പ്, സഞ്ചി, രണ്ടാമത്തെ ഉടുപ്പ്, ചെരുപ്പ്, വടി-എടുക്കാൻ പാടുള്ളതല്ല. തന്റെ ഭൗതികജീവിതസുരക്ഷയൊരുക്കി ജീവിക്കുന്നതിനപ്പുറം 'ദൈവാശ്രയം' ഉള്ളവരായിരിക്കണമെന്നതാണ് ഇതിന്റെ ധ്വനി. കൂടാതെ, ശിഷ്യന്മാർ എല്ലായിടത്തും സമാധാനം നൽകുന്നവരായിരിക്കണം. 'ഷലോം' എന്ന ഹീബ്രുപദത്തിന്റെ തത്തുല്യമായ ഗ്രീക്കുപദം 'എയ്റെനെ (eirene) ആണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 'ശാന്തി, സമാധാനം, ക്ഷേമം' ഇവയാണ് ശിഷ്യന്മാർ എല്ലായിടത്തും നൽകേണ്ടത്. ■■

# ഒളിമ്പിക്സ്ടീമിൽ മലയാളിസാന്നിധ്യം കുറയുന്നു



സനിൽ പി. തോമസ്

ഒരു മലയാളി അത്‌ലറ്റിക് ഒളിമ്പിക്സിൽ പങ്കെടുത്തിട്ട് അടുത്ത മാസം ഒരു നൂറ്റാണ്ട് തികയും. 1924 ൽ പാരീസ് ഒളിമ്പിക്സിൽ മത്സരിച്ച കണ്ണൂർ ചെറുവാരി കൊറ്റ്യത്ത് ലക്ഷ്മണൻ എന്ന സി.കെ. ലക്ഷ്മണനാണ് പ്രഥമ മലയാളി ഒളിമ്പ്യൻ. 110 മീറ്റർ ഹർഡിൽസിലാണ് ലക്ഷ്മണൻ മത്സരിച്ചത്. പാരീസിൽ അടുത്ത ഒളിമ്പിക്സ് ജൂലൈ 26 നു തുടങ്ങും. ഇന്ത്യൻ ടീമിന്റെ അവസാനഘടന വ്യക്തമായിട്ടില്ല. ടീമിൽ നൂറോ ചിലപ്പോൾ അതിലധികമോ അത്‌ലറ്റുകൾ ഉണ്ടാകുമെന്നാണു പ്രതീക്ഷ. പക്ഷേ, അതിൽ എത്ര മലയാളികൾ കാണും?

ടോക്കിയോ ഒളിമ്പിക്സിൽ ഒമ്പതു മലയാളികൾ ഇന്ത്യൻ ടീമിൽ ഉണ്ടായിരുന്നു. അതിൽ ഒരു വനിതപോലും ഇല്ലായിരുന്നു. ഇത്തവണ പുരുഷ ഹോക്കി ടീമിൽ പി.ആർ. ശ്രീജേഷ് ഉണ്ടാകും. ബാഡ്മിന്റൻ സിംഗിൾസിൽ എച്ച്.എസ്. പ്രണോയ് യോഗ്യത നേടിയിട്ടുണ്ട്. ഹോക്കിയിലും ബാഡ്മിന്റനിലും ഇന്ത്യ പ്രതീക്ഷ പുലർത്തുന്നുമുണ്ട്. പുരുഷന്മാരുടെ ലോങ്ജംപിൽ എം. ശ്രീശങ്കർ യോഗ്യത നേടിയെങ്കിലും പരിക്കുമൂലം പങ്കെടുക്കാൻ കഴിയില്ല.

പുരുഷ, വനിതാ വിഭാഗങ്ങളിൽ ഇന്ത്യയുടെ 4 × 400 മീറ്റർ റിലേ ടീം യോഗ്യത നേടിയിട്ടുണ്ട്. അതിൽ വനിതാവിഭാഗത്തിൽ ഒരു മലയാളിതാരം സ്ഥാനം കണ്ടെത്താൻ സാധ്യതയില്ല. പുരുഷവിഭാഗത്തിൽ മുഹമ്മദ് അനസ്, വി. മുഹമ്മദ് അജ്മൽ, ഡൽഹി മലയാളിയായ അമോജ് ജേക്കബ് എന്നിവർ യോഗ്യതാ മാർക്ക് കടന്ന ടീമിൽ ഉണ്ടായിരുന്നു. ഇവർക്കൊപ്പം, തമിഴ്നാടിന്റെ ആരോഗ്യരാജീവാണ്, ബഹമാസിൽ നടന്ന ലോക റിലേ ചാമ്പ്യൻഷിപ്പിൽ 3:3.23 സമയം കുറിച്ച് ഒളിമ്പിക്സ് യോഗ്യത കരസ്ഥമാക്കിയത്. റിലേ ടീമിൽ ആറു പേർക്ക് അവസരമുണ്ടാകുമെന്നതിനാൽ രണ്ടുപേർക്കുകൂടി സാധ്യതയുണ്ട്. ഇതിൽ ഒന്നോ, ചിലപ്പോൾ രണ്ടോ മലയാളികൾ കണ്ടെന്നു വരും.



വനിതകളുടെ ലോങ്ജംപിൽ ആൻസി സോജനും നയന ജയിംസും മികവു കാട്ടുന്നുണ്ടെങ്കിലും ഇനിയും ഒളിമ്പിക്സ് യോഗ്യത കൈവരിച്ചിട്ടില്ല. ജൂൺ 30 വരെ സമയമുണ്ട്. പക്ഷേ, വനിതാ ലോങ്ജംപിൽ യോഗ്യതാമാർക്ക് അഞ്ജു ബോബി ജോർജിന്റെ ദേശീയ റെക്കോർഡിന് (6.83 മീറ്റർ) അപ്പുറമാണ് നിശ്ചിത എണ്ണം താരങ്ങൾ യോഗ്യതാമാർക്ക് (6.86 മീറ്റർ) കടന്നില്ലെങ്കിൽ റാങ്കിങ് അടിസ്ഥാനത്തിൽ അവസരം കൈവന്നാൽ ഭാഗ്യം. പക്ഷേ, സാധ്യത വിദൂരമാണ്.

പ്രധാനചോദ്യം അതല്ല. 32 സ്പോർട്സ് ഇനങ്ങളിലാണ് പാരീസിൽ മത്സരം. ഇതിൽ പകുതിയോളം ഇനങ്ങളിൽ ഇന്ത്യ യോഗ്യത നേടിക്കഴിഞ്ഞു. പക്ഷേ, മലയാളിപ്രാതിനിധ്യം അത്‌ലറ്റിക്സ്, ഹോക്കി, ബാഡ്മിന്റൻ ഇനങ്ങളിൽ മാത്രം. ഷൂട്ടിങ്, ബോക്സിങ്, ടെന്നീസ്, ടേബിൾ ടെന്നീസ്, റോവിങ്, സെയ്‌ലിങ്, ഭാരോദ്വഹനം, ഗുസ്തി, ആർച്ചറി തുടങ്ങിയ ഇനങ്ങളിലൊന്നും മലയാളിസാന്നിധ്യമില്ല. ഇതിൽ ടേബിൾ ടെന്നീസ്, റോവിങ് ഇനങ്ങളിൽ മലയാളികൾ മുമ്പ് ഒളിമ്പിക്സിൽ പങ്കെടുത്തിട്ടുണ്ട് എന്ന് ഓർക്കണം. നീന്തലിൽ ഒരുപക്ഷേ, സാജൻ പ്രകാശ് മത്സരിച്ചേക്കും. ബോക്സിങ്ങിൽ മലയാളി ഒളിമ്പ്യൻ ഇല്ലെങ്കിലും മലയാളിവനിത ലോകചാമ്പ്യൻ ആയിട്ടുണ്ട്.

ടോക്കിയോ ഒളിമ്പിക്സിൽ മലയാളിപ്രാതിനിധ്യം അത്‌ലറ്റിക്സ്, ഹോക്കി, നീന്തൽ ഇനങ്ങളിൽമാത്രമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യ ഒളിമ്പിക്സ് നിലവാരത്തിലെത്തിയ കായികയിനങ്ങളിൽ പകുതിയിൽപോലും കേരളത്തിന്റെ സാന്നിധ്യം ഇല്ല. ഏതാനും പരമ്പരാഗത ഇനങ്ങളിലൊഴികെയൊന്നിലും പുതിയ താരനിരയെ സൃഷ്ടിക്കാൻ കേരളത്തിനു സാധിക്കുന്നില്ല. അതിനുള്ള പദ്ധതികളും നമുക്കില്ല.

ട്രാക്ക് ആൻഡ് ഫീൽഡിനും ഹോക്കിക്കും അപ്പുറം ഇന്ത്യ ശ്രദ്ധയൂന്നിയപ്പോഴാണ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്കു തുടരെ മെഡൽനേട്ടം സാധ്യമായത്. 1996 ൽ അറ്റ്ലാന്റയിൽ ടെന്നീസിൽ ലിയാൻഡർ പെയ്സ് സ്വർണം നേടിയശേഷം എല്ലാ ഒളിമ്പിക്സിലും ഇന്ത്യയ്ക്കു മെഡൽ നേട്ടം ഉണ്ടായി. ഇതിൽ ബാഡ്മിന്റൻ, ഷൂട്ടിങ്, ബോക്സിങ്, ഗുസ്തി ഇനങ്ങൾ ഉൾപ്പെടുന്നു. ഗുസ്തിയിൽ കഴിഞ്ഞ നാല് ഒളിമ്പിക്സിലും ഇന്ത്യയ്ക്കു മെഡൽ ലഭിച്ചു. വനിതകളുടെ ബോക്സിങ്ങിലും ഗുസ്തിയിലും കേരളത്തിനു വളരാമായിരുന്നു. ഷൂട്ടിങ്ങിലും സാധ്യതയില്ലാതില്ല.

സർക്കാരുകൾ മാറിമാറി വരുമ്പോൾ പേരുമാറ്റി ഒളിമ്പിക് മെഡൽ ലക്ഷ്യമെന്നു പ്രഖ്യാപിച്ച് പദ്ധതികൾ തുടങ്ങുമെങ്കിലും കേരളം ഒളിമ്പിക്ചാമ്പ്യനെ വാർത്തെടുക്കാൻ നാളിതുവരെ ഒന്നും ചെയ്തിട്ടില്ല. ഹരിയാനയും തമിഴ്നാടും കർണാടകയും തെലങ്കാനയും ഒക്കെ എത്രയോ മുന്നോട്ടു പോയിരിക്കുന്നു. ഏറെക്കാലം അത്‌ലറ്റിക്സിൽ കൈവരിച്ച നേട്ടത്തിൽ അഭിമാനിച്ചു. പക്ഷേ, അതും കൈവിടുകയാണ്. പ്രത്യേകിച്ച്, വനിതാവിഭാഗത്തിൽ പി.ടി. ഉഷ തുടങ്ങിവച്ചതും അഞ്ജു ബോബി ജോർജ് തുടർന്നതുമായ ആധിപത്യവും അവസാനിച്ചു.

തിരിഞ്ഞുനോക്കുമ്പോൾ രണ്ട് ഒളിമ്പിക് മെഡലുകൾ മാത്രമാണ് കേരളതാരങ്ങളുടെ പേരിൽ ഉള്ളത്. 1972 ൽ മ്യൂണിക്കിൽ മാനുവൽ ഫ്രെഡ്റിക്സ് ഹോക്കിയിൽ നേടിയ വെങ്കലവും 2020 ൽ ടോക്കിയോയിൽ പി.ആർ. ശ്രീജേഷിലൂടെ ഹോക്കിയിൽ ലഭിച്ച വെങ്കലവും. പിന്നെ വേണമെങ്കിൽ, 1980 ൽ മോസ്കോ ഒളിമ്പിക്സിൽ ഹോക്കിസ്വർണം നേടിയ ഇന്ത്യൻ ടീമിന്റെ ഗോൾ കീപ്പർ അലൻസ്കോ ഫീൽഡിന്റെ അമ്മ മലയാളിയാണെന്നു പറയാം. കഴിഞ്ഞു, കേരളത്തിന്റെ ഒളിമ്പിക്മെഡൽ ചരിത്രം.

പിന്നെ, പി.ടി. ഉഷയുടെ നാലാം സ്ഥാനവും അഞ്ജു ബോബി ജോർജിന്റെ അഞ്ചാം സ്ഥാനവുമാണ് ഒളിമ്പിക്സിൽ ഉയർത്തിക്കാട്ടാവുന്ന മലയാളി മികവുകൾ. പക്ഷേ, പഴയ കാലമല്ല. ഇന്ന് ഒളിമ്പിക്സിൽ ഇന്ത്യ എണ്ണപ്പെടുന്ന രാജ്യമാണ്. എത്ര മെഡൽ നേടും എന്ന ചോദ്യമാണ് അടുത്ത കാലത്തായി ഉയരുന്നത്. ആ ചോദ്യത്തിൽ ഇതരസംസ്ഥാനങ്ങളിലെ താരങ്ങൾ പരാമർശിക്കപ്പെടുമ്പോൾ ഒട്ടുമിക്ക ഇനങ്ങളിലും കേരളതാരങ്ങൾ വരുന്നില്ല. ഈ സ്ഥിതി മാറണമെങ്കിൽ സംസ്ഥാനത്തിന്റെ സമീപനം മാറണം. ■

---



## സ്വപ്നങ്ങൾ

കവിത

സി. ഡോ. തെരേസ് ആലഞ്ചേരി
എസ്. എ. ബി. എസ്.

ചില ആഗ്രഹങ്ങൾ അങ്ങനെയാണ്....
അവയ്ക്കു മരണത്തോളം നീളമുണ്ട്.
നിത്യതയിലും ആ ആഗ്രഹങ്ങൾ കൂടെയുണ്ടായിരിക്കും...
ദൈവം പാരിതോഷികമായിത്തന്ന സ്വപ്നങ്ങൾ...
എന്നു കരുതിയാൽ മതി.
അതു സ്വപ്നങ്ങളായിത്തന്നെ തുടരട്ടെ...
എന്തെന്നാൽ, അത് ആകാശം തന്ന
പാരിതോഷികമാണല്ലോ...
നിറവേറിക്കഴിഞ്ഞാൽ പിന്നെ അവിടെ
ആ സ്വപ്നം ഉണ്ടാവില്ലല്ലോ...
അപ്പോഴും ഋതുക്കൾ ഉഴുതുമറിച്ചിട്ട
മനസ്സിന്റെ കന്നിനിലങ്ങളിലേക്ക്
മഞ്ഞുതുള്ളികൾ പെയ്തിറങ്ങുന്നുണ്ട്...
ഇനിയും തളിർക്കാത്ത ചില്ലകളിലേക്ക്
അത് ഒഴുകിപ്പടരുന്നുമുണ്ട്...
ഒച്ചയില്ലാതെതന്നെ...
കുലീനമായ ഇത്തരം സ്വപ്നങ്ങൾക്കുവേണ്ടി
മുറിവേൽക്കുന്ന മനസ്സുകളെ
കാലം എങ്ങനെ ഓർമിക്കാതിരിക്കും...
നീതിരഹിതമായ തീരുമാനങ്ങളിൽ കുടുങ്ങിപ്പോയ
ചിറകൊടിഞ്ഞ ആ സ്വപ്നങ്ങൾക്ക്
ആകാശത്തിന്റെ അതേ നിറമായിരുന്നു...
ചെമ്പകത്തിന്റെ അതേ സുഗന്ധവും.

---



## കിഴക്കൻകാറ്റ്

*11-ാം പേജ് തുടർച്ച*

"വരും ആന്റീ. ഒറപ്പായിട്ടും വരും. എൽസ ജയേഷിന്റെ നേരേ തിരിഞ്ഞിട്ട് തുടർന്നു: "കല്യാണം കഴിഞ്ഞ് രണ്ടുപേരും കൂടി ഇങ്ങോട്ടും വരണേ. എന്നാലേ ഞങ്ങളു വരൂ."

"ഉം..." ജയേഷ് ചിരിച്ചുകൊണ്ടു തലയാട്ടി.

സൂസമ്മയും ജയേഷും വരാന്തയിൽനിന്നു മുറ്റത്തേക്കിറങ്ങി കാറിൽ കയറി. കാർ സ്റ്റാർട്ടു ചെയ്തിട്ട് വെളിയിലേക്കു മുഖം തിരിച്ച് എൽസയെ നോക്കി അവൻ കൈവീശി. എൽസയും കൈവീശി.

കാർ സാവധാനം മുമ്പോട്ടു നീങ്ങി.

"നല്ല സ്നേഹമുള്ള ആൾക്കാരാ അല്ലേ അമ്മേ..."

"അതെനിക്കറിയാവുന്നതുകൊണ്ടല്ലേ ഞാൻ നിന്നെ നിർബന്ധിച്ചു കൂട്ടിക്കൊണ്ടു പോന്നത്. സിസിലിയുടെ അതേ സ്വഭാവമാ മകൾക്കും. നീയെന്നുവച്ചാൽ ജീവനായിരുന്നു സിസിലിക്ക്. നിനക്കതൊന്നും ഓർമയുണ്ടാവില്ല."

"രണ്ടുപേരുടെയും ആ സ്നേഹം കണ്ടപ്പഴാ ഇന്നലെ അവിടെ തങ്ങാമെന്നു ഞാൻ തീരുമാനിച്ചത്. പാവം ചട്ടുകാലി പെണ്ണായിപ്പോയി. അല്ലെങ്കിൽ ആരെങ്കിലും വന്നു കെട്ടിക്കൊണ്ടു പോയേനെ. കാണാൻ നല്ല മുഖമല്ലേ! നല്ല ചിരിയും."

"സിസിലി എന്തോരം സങ്കടപ്പെടുന്നുണ്ടാവും. തന്നെയല്ലേയുള്ളൂ. സഹായത്തിന് ആരാ ആ മലമുകളിൽ."

"കുറച്ചു കാശു കൊടുത്ത് നമുക്കവരെ ഒന്നു സഹായിച്ചാലോ അമ്മേ?"

"ഇതു ഞാനങ്ങോട്ടു പറയാൻ തുടങ്ങ്വായിരുന്നു. പാവങ്ങളല്ലേ. സഹായിക്കണം. പറ്റുമെങ്കിൽ അവളുടെ കാലിന്റെ ഓപ്പറേഷൻ നടത്തിക്കൊടുക്കണം. എത്ര സ്നേഹത്തോടെയാ നമ്മളെ സൽകരിച്ചതെന്ന് ഓർത്തുനോക്കിക്കേ..."

ഉച്ചകഴിഞ്ഞപ്പോഴേക്കും അവർ വീട്ടിലെത്തി.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ജയേഷിന്റെ മനസ്സിൽ എൽസയുടെ മുഖമായിരുന്നു.

അവളുടെ സ്നേഹപ്രകടനവും സംസാരവും പെരുമാറ്റവുമൊക്കെ അവനെ അത്രയേറെ ആകർഷിച്ചിരുന്നു.

(തുടരും)

Deepanalam Weekly
RNI No : 16998/68
Vol. 57 No. 17 Date of Publication 27 June 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ് ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD






നന്മ ഹോം നഴ്സിങ്
Reg No. K. 252/2024
സെന്റ് തോമസ് പ്രസിനു സമീപം, പാലാ

ആശുപത്രി കൂട്ടിരിപ്പ് | രോഗീപരിചരണം | വീട്ടുജോലി | ബേബി കെയർ | പ്രസവശുശ്രൂഷ

ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും ഈ നമ്പറുകളിൽ ബന്ധപ്പെടുക
100 ശതമാനം ഉത്തരവാദിത്വം
PH: 9074248155, 7025092689, 8547743590




ISO 9001-2015 Certified Company
Tasteit
ടേസ്റ്റിറ്റ്

അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...

Customer Care No.
04822-262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

34 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

DEI Ed ഹിന്ദി ട്രെയിനിങ്
NCTEയുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലന മായ D EI Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാപ്രവീൺ കേരളഹിന്ദിപ്രചാരസഭയുടെ സാഹിത്യാചാര്യ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org